2022
ഒക്ടോബർ
വാല്യം 15 | ലക്കം 10
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



ഒക്ടോബർ 01

## മിഷൻ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യ





അഭിവന്ദ്യ പീറ്റർ പിതാവിന്റെ ചരമവാർഷിക ദിനത്തിൽ ബിഷപ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിലും വൈദികരും പുഷ്പാഞ്ജലി അർപ്പിക്കുന്നു



ഷംഷാബാദ് രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. തോമസ് പാടിയത്ത് വിജയപുരം ബിഷപ്സ് ഹൗസ് സന്ദർശിച്ചപ്പോൾ

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2022 OCTOBER | Registered Newspaper, Reg.No. KERMAL/2008/24745 | Vol.15 • No.10



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ:

8. APPOINTMENTS AND TRANSFERS

9 കെ.സി.ബി.സി. സർക്കുലർ

15 കെ.സി.ബി.സി. സർക്കുലർ

16 സഭാനവീകരണം

17. സിനഡാത്മക സഭയിലേക്ക്

19. ജപമാല സ്വർഗ്ഗം നൽകിയ ആയുധം

22. ജസ്റ്റീസ് സൺഡേ ദിനാചരണം

23 ഇടവകവാർത്തകൾ

31. വി.എസ്.എസ്,എസ്. വാർത്തകൾ

34. അഭിവന്ദ്യപിതാവിന്റെ ഒക്ടോബർ മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

## Editorial

# ഒക്ടോബർ: ജപമാലമാസം

**ജപമാല പ്രാർത്ഥന ശീലമാക്കി നമുക്കു വളരാം**

**ദൈവപിതാവിന്റെയും ദൈവമാതാവിന്റെയും മക്കളായി ദൈവപുത്രനെപ്പോലെ**



ഒക്ടോബർ 7-ാം തീയതി പരിശുദ്ധ ജപമാലനാഥയുടെ തിരുനാളാണ്. അതിന്റെ വെളിച്ചത്തിൽ ഒക്ടോബർ ജപമാലമാസമായി നാം ആഘോഷിക്കുന്നു. ദിവസംതോറും ഓരോ കുടുംബത്തിലും ഓരോ സന്യാസ ഭവനത്തിലും കുടുംബപ്രാർത്ഥനയായി ജപമാല അർപ്പിക്കപ്പെടുന്നുണ്ട്. ഞായറാഴ്ചതോറും അനുദിനം തന്നെ ദൈവാലയങ്ങളിൽ ദിവ്യബലിയർപ്പണത്തിനൊരുക്കമായി ജപമാല പ്രാർത്ഥിക്കപ്പെടുന്നുണ്ട്. എന്നാൽ ഒക്ടോബർ മാസത്തിലാകട്ടെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും കപ്പേളകളിലും ജപമാല പ്രത്യേകമായി ആഘോഷിക്കപ്പെടുന്നു.

ക്രൈസ്തവജീവിതത്തിൽ ദിവ്യബലി കഴിഞ്ഞാൽ വളരെ പ്രധാനപ്പെട്ട ഏവർക്കും പ്രിയപ്പെട്ട പ്രാർത്ഥനയാണ് മറിയത്തോടുചേർന്ന് യേശുവിന്റെ മുഖത്തുനോക്കി യേശുസംഭവം ധ്യാനിച്ചുകൊണ്ട് നടത്തപ്പെടുന്ന ജപമാല. ജനങ്ങൾ അതു ചൊല്ലുകമാത്രമല്ല, മണിമുത്തുകൾ കോർത്തിണക്കിയ ജപമാല മാലയായി കഴുത്തിലും മോതിരമായി വിരലിലും അണിയാറുണ്ട്. സംരക്ഷണത്തിനായി പോക്കറ്റിലും വാഹനങ്ങളിലും സൂക്ഷിക്കുകയും ചെയ്യുന്നു. ജപമാലയായി അത് ദൈവാലയങ്ങളിലും ഭവനങ്ങളിലും പ്രദർശിപ്പിക്കാറുണ്ട്. പല ഇടങ്ങളിലും ഇരുന്നും നടന്നും ജപമാല പ്രാർത്ഥിക്കാനും ധ്യാനിക്കാനും സഹായിക്കുന്ന ജപമാലതോട്ടങ്ങളുണ്ട്. കൂടാതെ ജപമാലയുടെ പേരുള്ള ദൈവാലയങ്ങളും സ്ഥാപനങ്ങളും വ്യക്തികളുമുണ്ട്. സന്യാസ സഭകളും അൽമായ പ്രേഷിത കൂട്ടായ്മകളുമുണ്ട്. ഓൺലൈനിൽ ജപമാല നിരന്തരം പ്രാർത്ഥിക്കുന്ന വാട്ട്സപ്പ് കൂട്ടായ്മകളുമുണ്ട്. അത്ര വിശേഷപ്പെട്ടതായിരിക്കുന്നു ജപമാല. നമ്മുടെ വിമലഗിരി കത്തീഡ്രലിന്റെ അൾത്താരമുകളിൽ വലിയ ജപമാല ആർച്ച്പോലെ വളരെ സുന്ദരമായി കൊത്തിവച്ചിട്ടുമുണ്ട്.

### ജപമാലയുടെ ചരിത്രം

ആദ്യനൂറ്റാണ്ടുമുതലേ ജപമാലയുടെ അനുരണനങ്ങൾ ക്രൈസ്തവ പാരമ്പര്യത്തിലും ചരിത്രത്തിലും ദർശിക്കാനാകുമെങ്കിലും പന്ത്രണ്ടാം നൂറ്റാണ്ടുമുതൽ 15-ാം നൂറ്റാണ്ടുവരെയുള്ള കാലയളവിലാണ് ജപമാല ഇന്നത്തെ രീതിയിൽ രൂപപ്പെ

ടാനും പ്രസിദ്ധമാകാനും തുടങ്ങിയത്. കർത്തുസ്യൻ, ഡൊമിനിക്കൻ തുടങ്ങിയ സന്യാസസഭകളാണ് അതിന് നേതൃത്വം വഹിച്ചത്. ജപമാലയുടെ പാപ്പ എന്നറിയപ്പെടുന്ന പയസ് അഞ്ചാമൻ പാപ്പയും വിശുദ്ധ ഡൊമിനിക്കുമാണ് അതിനു ചുക്കാൻ പിടിച്ചത്. ജപമാലയുടെ രൂപപ്പെടലിൽ മൂന്നു ഘടകങ്ങൾ ദർശിക്കാനാകും.

1. സന്യസ്ഥരുടെ നമസ്കാര പ്രാർത്ഥന

2. നന്മനിറഞ്ഞ മറിയമേ എന്നു തുടങ്ങുന്ന മരിയൻ സങ്കീർത്തനം

3.യേശുവിന്റെ ജീവിതത്തെ ധ്യാനിക്കൽ

1. സന്യസ്ഥരുടെ നമസ്കാര പ്രാർത്ഥന: സിസ്റ്റേർസിയൻ സന്യാസ ഭവനങ്ങളിൽ സന്യസ്തർ അനുദിനം, ചിട്ടയോടെ നമസ്കാരപ്രാർത്ഥന നടത്തുന്നതുകണ്ട തുണസഹോദരൻ (അവരിൽ മിക്കവരും നിരക്ഷരരായിരുന്നു) തങ്ങൾക്കും അതുപോലെ പ്രാർത്ഥിക്കണമെന്നാശിച്ച് ആ ആവശ്യം സന്യസ്ഥരെ അറിയിച്ചു. അവർ പറഞ്ഞു: "ബൈബിളിലെ 150 സങ്കീർത്തനങ്ങളാണ് ഞങ്ങൾ ഉരുവിട്ടു പ്രാർത്ഥിക്കുന്നത്. ആ സങ്കീർത്തനങ്ങളുടെ സ്ഥാനത്ത് നിങ്ങൾ 150 പ്രാവശ്യം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന കർതൃപ്രാർത്ഥന മന്ത്രംപോലെ ഉരുവിടുക. അപ്പോൾ ആ പ്രാർത്ഥന അധരത്തിൽ നിന്ന് മനസ്സിലേക്കും മനസിൽ നിന്ന് ഹൃദയത്തിലേക്കും ആഴ്ന്നിറങ്ങി നിങ്ങളുടെ ബോധ്യങ്ങളും അനുഭവങ്ങളുമാകും. അവയിലൂടെ നിങ്ങൾ ദൈവസ്നേഹത്താലും ദൈവവചനത്താലും ദൈവാനുഗ്രഹങ്ങളാലും നിറയും. ദൈവേഷ്ടം നിറവേറ്റി ദൈവമക്കളായി ജീവിക്കാൻ അതു നിങ്ങളെ ശക്തിപ്പെടുത്തും. അങ്ങനെയാണ് ജപമാല 153 മണി ജപം (ദൈവിക പുണ്യങ്ങളാൽ നിറയാൻ പ്രാർത്ഥിക്കുന്ന 'മൂന്നു' പിന്നീട് ചേർക്കപ്പെട്ടതാണ്.) എന്നറിയപ്പെടാൻ തുടങ്ങിയത്.

2. നന്മനിറഞ്ഞ മറിയമേ 'എന്ന' മരിയൻ സങ്കീർത്തനം: സങ്കീർത്തനത്തിന്റെ ലഘുരൂപം എന്നപോലെ ദൈവവചനങ്ങൾ കോർത്തെടുത്ത് രൂപപ്പെടുത്തിയതാണ്. ദൈവസ്തുതിയും അനുഭവവും അർത്ഥനയും ഉൾകൊള്ളുന്ന നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന. മാലാഖമറിയത്തോടുപറഞ്ഞ വാക്കുകളും എലിസബത്ത് മാതാവിനെ നോക്കി പറഞ്ഞ വാക്കുകളുമാണ് അതിലുള്ളത്. മാതാവ് യേശുവിനെ ഗർഭം ധരിച്ച മംഗളവാർത്താനുഭവത്തെയും, യേശുവിനെ ഉള്ളിൽ വഹിച്ച് എലിസബത്തിനെ സന്ദർശിച്ച അനുഭവത്തെയുമാണ് അത് ഓർമ്മപ്പെടുത്തുക. ജപമാലയിലെ ആദ്യത്തെ രണ്ടു രഹസ്യങ്ങളും അതേപ്പറ്റിയാണല്ലോ. 'നിന്റെ ഉദരഫലമായ യേശുവും അനുഗ്രഹിക്കപ്പെട്ടവൻ' എന്ന വാക്ക് മൂന്നാം രഹസ്യത്തെയും ഓർമ്മപ്പെടുത്തുന്നു. മറിയത്തെ എന്നതിനേക്കാൾ മറിയവും ഈശോയും തമ്മിലുള്ള ബന്ധത്തെയും ഈശോയുടെ മനുഷ്യാവതാരത്തെയുമാണ് ഈ പ്രാർത്ഥന ശ്രദ്ധയിൽ കൊണ്ടുവരിക. അങ്ങനെ ക്രിസ്തുകേന്ദ്രമായുള്ള ഈ മരിയൻ സങ്കീർത്തനം 'പാത്തർനോസ്തർ' എന്നു വിളിക്കപ്പെട്ടുന്ന സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയോടൊപ്പം ജപമാലയിൽ പ്രാർത്ഥിക്കപ്പെടാൻ തുടങ്ങി. ലോകത്തെയും ലോകജീവിതത്തെയും നിഷേധാത്മകമായി അവതരിപ്പിക്കുന്ന ആൽബിജൻസിയൻ പാഷണ്ഡതക്കെതിരെ നിലകൊണ്ട വിശുദ്ധ ഡൊമിനിക് മറിയത്തിന്റെ

നിർദ്ദേശപ്രകാരമെന്നവണ്ണം, യേശുവിന്റെ മനുഷ്യാവതാരത്തെ എടുത്തുകാട്ടുന്ന മരിയൻ സങ്കീർത്തനം യേശുവിനെ പ്രഘോഷിക്കുന്നതിന്റെ ഇടയിൽ കൂടുതൽ പ്രാർത്ഥിക്കാൻ തുടങ്ങി. തുടർന്ന് ജപമാലയിൽ അതുമാത്രം മന്ത്രം പോലെ ആവർത്തിച്ച് ഉരുവിട്ടു. ഓരോ രഹസ്യത്തിന്റെയും തുടക്കത്തിൽ സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ചൊല്ലിയിട്ട് നന്മനിറഞ്ഞ മറിയം എന്ന പ്രാർത്ഥന മന്ത്രംപോലെ ആവർത്തിക്കാൻ തുടങ്ങി. സ്വർഗ്ഗസ്ഥനായേ പിതാവേ എന്ന കർതൃ പ്രാർത്ഥനയുടെ പ്രാധാന്യം കുറച്ചുകാട്ടുകയല്ല ഇവിടെ. സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥന ക്രൈസ്തവ ജീവിതത്തിന്റെ തിയറി എങ്കിൽ അതിന്റെ പ്രാക്ടിക്കൽ ആണ് നന്മനിറഞ്ഞ മറിയമേ എന്നു തുടങ്ങുന്ന പ്രാർത്ഥന.

3. യേശുവിന്റെ ജീവിതത്തെ ധ്യാനിക്കൽ: വാചിക പ്രാർത്ഥന

മാത്രമല്ല ജപമാല. അത് ഏറ്റവും നല്ല ധ്യാനപ്രാർത്ഥനയുമാണ്. ജപമാല മന്ത്രങ്ങൾ ഉരുവിടുമ്പോൾ യേശുവിന്റെ ജീവിതത്തെയാണ് നാം ധ്യാനിക്കേണ്ടത്. ഡൊമിനിക്കൻ സഭാംഗങ്ങളാണ്, വിശേഷിച്ച് ഡൊമിനിക്കൻ ദൈവശാസ്ത്രജ്ഞൻ കൂടിയായിരുന്ന അഞ്ചാംപീയുസ് പാപ്പയാണ് യേശുവിന്റെ ജീവിതത്തെ ആധാരമാക്കി ജപമാലയെ ഇന്നത്തെ രീതിയിൽ രൂപപ്പെടുത്തിയത്. 150 മണി ജപത്തെ ഓരോ ദിവസവും പ്രാർത്ഥിക്കാൻ 50 മണികൾ വീതമുള്ള മൂന്നു ഗ്രൂപ്പായി തിരിച്ചും ഓരോന്നിലും 10 മണികൾ വീതമുള്ള മൂന്നു ഗ്രൂപ്പായി തിരിച്ചും, ഓരേന്നിനും 10 മണികൾ വീതമുള്ള അഞ്ചുഗ്രൂപ്പുകളും ആദ്യത്തെ 50 മണികളിൽ ധ്യാനിക്കാൻ യേശുവിന്റെ ഗർഭധാരണം മുതൽ 12 വയസുവരെയുള്ള ബാല്യകാലത്തെ – സന്തോഷത്തിന്റെ രഹസ്യങ്ങൾ എന്ന പേരിൽ അവതരിപ്പിച്ചു. രണ്ടാമത്തെ 50 മണികളിൽ ധ്യാനിക്കാൻ യേശുവിന്റെ പീഡാനുഭവവും മരണവും വിഷയമാക്കി ദുഃഖത്തിന്റെ രഹസ്യങ്ങൾ എന്ന പേരിൽ അവതരിപ്പിച്ചും മൂന്നാമത്തെ 50 മണികളിൽ ധ്യാനിക്കാൻ യേശുവിന്റെ ഉത്ഥാനം തുടങ്ങി മാതാവിന്റെ മഹത്വീകരണംവരെയുള്ള സംഭവങ്ങൾ ധ്യാനിക്കാൻ മഹിമയുടെ രഹസ്യങ്ങൾ എന്ന പേരിൽ അവതരിപ്പിച്ചു. ദൈവനിയോഗം പോലെ ഈ കണക്കുകൂട്ടലിന്റെ പൂർത്തീകരണം വന്നത് വിശുദ്ധ ജോൺപോൾ രണ്ടാമനിലൂടെയാണ്. 2002–ൽ അദ്ദേഹം യേശുവിന്റെ പരസ്യ ജീവിതത്തെ– ജ്ഞാനസ്നാനം മുതൽ അന്ത്യത്താഴം വരെയുള്ള സംഭവങ്ങളെ ധ്യാനിക്കുവാൻ പ്രകാശത്തിന്റെ രഹസ്യങ്ങൾ അവതരിപ്പിച്ചു. അങ്ങനെ സന്തോഷം, പ്രകാശം, ദുഃഖം, മഹിമരഹസ്യങ്ങളിലൂടെ നാം യേശു സംഭവത്തെ മുഴുവൻ ധ്യാനിച്ച് അവിടുത്തെ സ്നേഹവും വചനവും രക്ഷയും ഉൾക്കൊള്ളുന്ന പുതിയ നിയമത്തിന്റെ മുഴുവൻ രത്നചുരുക്കമാണ് ഈ ഇരുപതു രഹസ്യങ്ങൾ.

ജപമാലക്കെതിരെ പലരും ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് പ്രത്യുത്തരമായി ജപമാലയെപ്പറ്റി 5 കാര്യങ്ങൾ കുറിക്കട്ടെ.

1. ജപമാല ക്രിസ്തു കേന്ദ്രീകൃതമാണ്. ജപമാലയിലെ ധ്യാനവിഷയമായ 20 രഹസ്യങ്ങളിൽ മാത്രമല്ല, ജപമാലയിൽ മന്ത്രംപോലെ ഉരുവിടുന്ന നന്മനിറഞ്ഞമറിയമേ എന്ന പ്രാർത്ഥനയുടെ കേന്ദ്രത്തിലുള്ളതും (നിന്റെ ഉദരഫലമായ ഈശോ) യേശുതന്നെ.

2. ജപമാല ത്രിതൈകമാണ്: ജപമാല തുടങ്ങുന്നതും തീരുന്നതും ഓരോ രഹസ്യത്തിലെയും പ്രാർത്ഥന പൂർത്തീകരിക്കപ്പെടുന്നതും ത്രിത്വത്തിന്റെ നാമത്തിലാണ്. ജപമാലയുടെ തുടക്കത്തിൽ ചൊല്ലുന്ന വിശ്വാസപ്രമാണം ത്രിത്വത്തിലുള്ള വിശ്വാസമാണ് ഏറ്റുപറയുന്നത്. 50 മണിക്കൊരുക്കമായി ദൈവിക പുണ്യങ്ങൾ ധ്യാനിച്ച് ചൊല്ലുന്ന മൂന്നു പ്രാർത്ഥനകളിലും ലുത്തിനിയയുടെ തുടക്കത്തിലും പരിശുദ്ധ ത്രിത്വത്തെ ദർശിക്കാനാവും.

3. ജപമാല ബൈബിൾ അധിഷ്ഠിതമാണ്. വായനയറിയാത്തവരുടെ ബൈബിൾ എന്നാണ് ജപമാല അറിയപ്പെടുന്നത്. ബൈബിൾ വായിക്കാതെ തന്നെ ബൈബിളിലെ സംഭവങ്ങൾ നാം ഗ്രഹിക്കുന്നു. ജപമാലയിലെ രഹസ്യങ്ങളിലൂടെ ലുത്തിനിയായിലെ പല സംഭവങ്ങളും വരുന്നത് പഴയനിയമത്തിൽ നിന്നാണ്. ബൈബിൾ വായിക്കാനും ധ്യാനിക്കാനും പ്രാർത്ഥിക്കാനും ജീവിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു ജപമാല.

4. സഭയുടെ, കൂട്ടായ്മയുടെ പ്രാർത്ഥനയാണ് ജപമാല. സഭയിലെ കൂട്ടായ്മയെ വെളിവാക്കുന്നതും വളർത്തുന്നതുമാണ് ജപമാല. പരിശുദ്ധ ത്രിത്വത്തിലെന്നപ്പോലെ സഭയിലും സഭയുടെ ചെറുപതിപ്പായ കുടുംബങ്ങളിലും വളരെ പ്രധാനപ്പെട്ടതാണ് കൂട്ടായ്മ. ജപമാലയിലെ ഓരോ മണിയും കൂട്ടായ്മയിലെ ഓരോ വ്യക്തിയും മാനിക്കപ്പെടണം, ഗണിക്കപ്പെടണം, കരുതപ്പെടണം. ഒപ്പം എല്ലാ വ്യക്തികളും ഒരേമാലയിലെന്നപോലെ സ്നേഹത്തിൽ, ഒരേ മനസ്സും ഒരേ ഹൃദയവും ഉള്ളവരായി ഐക്യപ്പെടുകയും വേണം.

5. ജീവിതഗന്ധിയാണ് ജപമാല: ഇപ്പോൾ മുതൽ മരണം വരെയും നമ്മെ സംരക്ഷിക്കാൻ നാം ആവർത്തിച്ച് പ്രാർത്ഥിക്കുന്നു ജപമാലയിലെ മന്ത്രമായ നന്മനിറഞ്ഞ മറിയമേ. ഒപ്പം നമ്മുടെ  ജീവിതത്തിലെ എല്ലാ സംഭവങ്ങളും അനുഭവങ്ങളും ഈശോയുടെയും മാതാവിന്റെയും ജീവിതത്തിലെ സംഭവങ്ങളോടും അനുഭവങ്ങളോടും ഒന്നു ചേർക്കപ്പെടുന്നു. ജപമാലയിലൂടെ സന്തോഷങ്ങളും ദുഃഖങ്ങളും പ്രകാശം പരത്തുന്നതും മഹത്വം പ്രാപിക്കുന്നതുമാണല്ലോ. പ്രധാനപ്പെട്ട ജീവിതാനുഭവങ്ങൾ അതേപോലെ ജപമാലയിലെ മന്ത്രംപോലെ ഉരുവിടുന്ന നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന മറിയത്തെപ്പോലെ നന്മനിറഞ്ഞവരായി കർത്താവു കൂടെയുള്ളവരായി, അനുഗ്രഹമായി, അനുഗ്രഹമേകുന്നവരായി ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു

അങ്ങനെ ജപമാലയെപ്പറ്റി അതിന്റെ മഹത്വത്തെപ്പറ്റി, അതു പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അതിന്റെ ഫലങ്ങളെപ്പറ്റി നമുക്ക് ബോധപ്പെടാം. ജപമാല അനുദിനം പ്രാർത്ഥിച്ച് കൂട്ടായ്മയിൽ– പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിൽ, സഭയിലെ കൂട്ടായ്മയിൽ, കുടുംബത്തിലെ കൂട്ടായ്മയിൽ, മനുഷ്യവർഗ്ഗത്തിന്റെ കൂട്ടായ്മയിൽ നമുക്കൊന്നുചേരാം. നമ്മുടെ എല്ലാ പ്രാർത്ഥനകളും സമ്യക്കായി ഉൾക്കൊള്ളുന്ന ജപമാല പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് ദൈവസ്നേഹം നുകരാം; ദൈവപുത്രൻ സാധിച്ച രക്ഷ അനുഭവിക്കാം. പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടാം. ദൈവമാതാവിന്റെ മക്കളായി, ദൈവത്തിന്റെ മക്കളായി വളരാം.

# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENT AND TRANSFERS

Rev. Fr. Mathew Lazer (Britto) Villukulam is transferred from Our Lady's Church, Chinnakanal and is appointed as the Parish Priest of St. Sebastian's Church, Chathanthara.

Rev. Fr. Baiju Thomas Kalapurayil, HGN is transferred from St. Sebastian's Church, Chathanthara and is appointed as the Parish Priest Our Lady's Church, Chinnakanal.

Rev. Fr. Joseph Poovathumkal is transferred from St. Joseph's Church Thiruvalla and is appointed as the Parish Priest of Mount Carmel Church, Kunnumbhagom.

Rev. Fr. Theophine Venard Thuruthikonam is transferred from Mount Carmel Church, Kunnumbhagom and is appointed as the Parish Priest of St. Joseph's Church Thiruvalla.






കോട്ടയം നല്ലയിടയൻ
ഇടവകയിലെ
ലീജിയൻ ഓഫ് മേരിയുടെ
സെപ്റ്റംബർ ഫംഗ്ഷൻ

# കേരളത്തിലെ യുവതീയുവാക്കൾക്കും കുട്ടികൾക്കും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

മയക്കുമരുന്ന് വിപണനവും ഉപഭോഗവും സംബന്ധിച്ച് ഈ അടുത്ത നാളുകളിലായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിവരങ്ങൾ നമ്മുടെ നാട് ലഹരിയുടെ അടിമത്തത്തിലേക്ക് നീങ്ങുകയാണ് എന്ന അപകടകരമായ യാഥാർഥ്യം വെളിപ്പെടുത്തുന്നുണ്ട്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2021-ലെ റിപ്പോർട്ട് അനുസരിച്ച് NDPS (നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ്) ആക്ട് പ്രകാരം കേസുകൾ ചാർജ്ജ് ചെയ്യപ്പെട്ട് ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്നത് 27,072 പേരാണ്. ജനസംഖ്യയുടെ കാര്യത്തിൽ പതിമൂന്നാം സ്ഥാനമുള്ള കേരളസംസ്ഥാനം ലഹരിസംബന്ധമായ കേസുകളുടെ എണ്ണത്തിൽ ഇന്ത്യയിൽ ആറാം സ്ഥാനത്താണ്. ഈ വർഷം ഓഗസ്റ്റ് 29 വരെ 16,128 ലഹരികേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതായാണ് ബഹു. മുഖ്യമന്ത്രി നിയമസഭയെ അറിയിച്ചത്. മുൻ വർഷത്തേക്കാൾ മൂന്നിരട്ടിയോളം കേസുകളുടെ വർദ്ധനവ് ലഹരി ഉപയോഗം കനത്തതോതിൽ സംസ്ഥാനത്ത് വ്യാപകമാകുന്നു എന്നത് വെളിവാക്കുന്നുണ്ട്. 2020 ൽ മാത്രം ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ കേരളത്തിൽ പിടിയിലായ നാലായിരത്തോളം പേരിൽ 917 പേർ 21 വയസിൽ താഴെയുള്ളവരാണ്. ഇത് ലഹരി ഉപയോഗിക്കുന്നവരിലും വിപണനം ചെയ്യുന്നവരിലും കുട്ടികളുടെയും യുവതീ യുവാക്കളുടെയും എണ്ണം കേരളത്തിൽ വർധിച്ചു കൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്.

ഈ പശ്ചാത്തലത്തിലാണ് കുട്ടികളും യുവതലമുറയും ഉൾപ്പെടെയുള്ള പൊതുസമൂഹത്തിലെ വലിയൊരു വിഭാഗത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് എന്ന സാമൂഹ്യതിന്മയെ കുറിച്ച് നാം കൂടുതൽ ഗൗരവമായി ചിന്തിക്കുന്നത്. ലഹരിയുടെ അടിമത്തം ഏതാനും വ്യക്തികളെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല, മറിച്ച് കുടുംബങ്ങളെ സവിശേഷമായും പൊതുസമൂഹത്തെ മുഴുവനായും അതീവദോഷകരമായി ബാധിക്കുന്നതാണ്. ഈ ഗുരുതരമായ സാമൂഹ്യവിപത്തിനെ നേരിടാൻ, ശരിയായ അപഗ്രഥനത്തിലധിഷ്ഠിതമായ ഒരു പൊതു അവബോധം രൂപപ്പെടേണ്ടതുണ്ട്. അത്തരമൊരു

ലക്ഷ്യത്തോടു കൂടി ഈ സാമൂഹ്യ വിപത്തിന്റെ ഭീകരതയെ മനസിലാക്കാനും ഇതിന്റെ വ്യാപനത്തെ പ്രതിരോധിക്കാൻ കർമപദ്ധതികൾ ആവിഷ്കരിക്കാനും സഭാതനയർ ഒന്നടങ്കം മുന്നിട്ടിറങ്ങേണ്ടതുണ്ട്.

**ലഹരിമരുന്നുകളുടെ വ്യാപനം**

മയക്കുമരുന്നിന്റെ വലിയ വിപണിയായി നമ്മുടെ സമൂഹം മാറുകയാണ്. നമ്മുടെ തുറമുഖങ്ങളിൽ നിന്നും വിമാനത്താവളങ്ങളിൽ നിന്നും പിടിക്കപ്പെട്ട കോടിക്കണക്കിന് രൂപയുടെ ലഹരി വസ്തുക്കളും, നഗര, ഗ്രാമ വ്യത്യാസമില്ലാതെ രജിസ്റ്റർ ചെയ്യപ്പെടുന്ന മയക്കുമരുന്നിന്റെ ഉപഭോഗവും വിപണനവും സംബന്ധിച്ച നിരവധി കേസുകളും ഇത് വ്യക്തമാക്കുന്നു.

മുൻകാലങ്ങളിൽ കഞ്ചാവുപോലുള്ള ലഹരി വസ്തുക്കളാണ് വ്യാപകമായി ഉപയോഗിക്കപ്പെട്ടിരുന്നതെങ്കിൽ മയക്കുമരുന്നിന്റെ ആധുനികരൂപമായ സിന്തറ്റിക് ലഹരിമരുന്നുകളുടെ വ്യാപനവും ഉപഭോഗവുമാണ് നിലവിലെ വലിയ ഭീഷണി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ഇത്തരം ലഹരി മരുന്നുകൾ എത്തിച്ചേരുകയും കുട്ടികളും യുവജനങ്ങളും ഇവയ്ക്ക് അടിമപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ചെറുപ്രായത്തിലുള്ള സ്കൂൾ വിദ്യാർത്ഥികളെപോലും മയക്കുമരുന്നിന് അടിമകളാക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുന്ന മാഫിയകൾ നമ്മുടെ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്നാണ് സമീപകാല സംഭവങ്ങളിൽനിന്ന് നാം മനസിലാക്കേണ്ടത്. മാത്രവുമല്ല, മയക്കുമരുന്നു വിൽപ്പനയ്ക്കും പ്രചരണത്തിനും കുട്ടികളെ ഉപകരണങ്ങളാക്കുന്ന രീതിയും കേരളത്തിലുണ്ട്.

തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന തിരിച്ചറിവില്ലാതെയാണ് പലപ്പോഴും കുട്ടികൾ മയക്കുമരുന്ന് ഉപയോഗിച്ച് തുടങ്ങുന്നതെന്നാണ് അന്വേഷണ ഉദ്യോഗസ്ഥരുടെ നിഗമനം. ഉന്മേഷത്തിനും ഉറക്കം വരാതിരിക്കാനും മറ്റുമുള്ള പാനീയങ്ങളായും മിഠായികളായും ഗുളികകളായും കുട്ടികൾക്കിടയിൽ മയക്കുമരുന്നിനെ പരിചയപ്പെടുത്തുന്നു. ഒടുവിൽ അവ ഉപേക്ഷിക്കാനാവില്ല എന്ന ഘട്ടം വരുമ്പോൾ പണം നൽകി വാങ്ങാനും, അതിനായി പണം കണ്ടെത്താനും കുട്ടികൾ നിർബ്ബന്ധിതരാകുന്നു. ക്രമേണ മയക്കുമരുന്ന് വിപണന സംഘത്തിന്റെ ഭാഗമായും പ്രചാരകരായും അവർ മാറുന്നു.

ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർധനവിനൊപ്പം ലൈംഗിക ചൂഷണം, ആക്രമണം, മോഷണം, കൊലപാതകം, ആത്മഹത്യ പോലെയുള്ള അനുബന്ധ കുറ്റകൃത്യങ്ങളും പെരുകുന്നു എന്നതും ഒരു വസ്തുതയാണ്. ലഹരിക്കടിമപ്പെട്ട് ഉന്മേഷവും കായികശേഷിയും നഷ്ടപ്പെടുന്ന കുട്ടികളും യുവജനങ്ങളും നമ്മുടെ നാടിന്റെ ദയനീയചിത്രം വെളിവാക്കുന്നു. തുച്ഛമായ വരുമാനം പോലും

ലഹരിദായക പദാർത്ഥങ്ങൾക്കായി ചെലവഴിക്കപ്പെടുന്നതിലൂടെ നിരവധി കുടുംബങ്ങൾ അസമാധാനത്തിന്റെയും പട്ടിണിയുടെയും പിടിയിലമരുന്നു. ലഹരിയിലുള്ള അടിമത്തം ആത്യന്തികമായി വ്യക്തികളുടെ സമ്പൂർണ നാശത്തിലേക്കും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും തകർച്ചയിലേക്കുമാണ് നയിക്കുന്നതെന്നതാണ് വാസ്തവം.

**സഭയുടെ നിലപാട്**

മയക്കുമരുന്നുകളുടെ ഉപയോഗം എന്തുകൊണ്ട് തിന്മയാകുന്നു എന്നതിനെകുറിച്ച് കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥം വിശദീകരണം നല്കുന്നുണ്ട്: ഒരു വ്യക്തിക്ക് ലഹരി വസ്തുക്കളിൽ ഉണ്ടാകുന്ന ആശ്രയത്തിന്റെ ഓരോ രൂപവും സ്വാതന്ത്ര്യം അടിമത്തത്തിനുവേണ്ടി കൈമാറ്റം ചെയ്യലാണ്. അത് ബന്ധപ്പെട്ട വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു. അയാൾക്ക് ചുറ്റുമുള്ള മനുഷ്യരെ കുടുംബ തലത്തിലും, സാമൂഹിക തലത്തിലും വലിയതോതിൽ ദ്രോഹിക്കുകയും ചെയ്യുന്നു (YOUCAT 389). 2016-ൽ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസിലെ അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: പ്രശ്നങ്ങളിൽനിന്ന് ഓടിയൊളിക്കാനും, നൈമിഷിക സുഖങ്ങൾ തേടാനുമുള്ള തൃഷ്ണ മയക്കുമരുന്ന് ഉപയോഗത്തിലേക്ക് നീളുന്നത് മനുഷ്യനെ പൂർണമായ തകർച്ചയിലേക്കും, വിവിധ തലങ്ങളിലുള്ള സാമൂഹിക പ്രത്യാഘാതങ്ങളി ലേക്കും നയിക്കുന്നു.

മയക്കുമരുന്നുകളുടെ വിനാശകരമായ ഫലങ്ങളെ തുറന്നു കാണിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത്, മരണം വില്ക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ എന്നാണ്. വ്യക്തികളുടെ മാനസികവും സാമൂഹികവുമായ മരണത്തിന് കാരണമാകുകയും, വലിച്ചെറിയപ്പെടുന്ന വ്യക്തികളാക്കി അവരെ മാറ്റുകയും ചെയ്യുന്ന ലഹരിയുടെ ഉപഭോഗത്തിനുള്ള എല്ലാ സംവിധാനങ്ങളും എതിർക്കപ്പെടണം എന്നതാണ് സഭയുടെ എക്കാലത്തെയും നിലപാട്. മയക്കു മരുന്ന് ഉപയോഗവും അതിലുള്ള അടിമത്തവും തിന്മയാണ്. ഇക്കാരണത്താൽ തന്നെയാണ് ലഹരിവസ്തുക്കൾക്കെതിരായ പോരാട്ടം അത്യന്തം ഗൗരവമേറിയ ക്രൈസ്തവ ധർമ്മമായി തിരുസഭ വീക്ഷിക്കുന്നത്. ഈ കാലഘട്ടത്തിൽ ഈ ഉത്തരവാദിത്വത്തെ കൂടുതൽ ആർജ്ജവത്തോടെ ഏറ്റെടുക്കാൻ നമുക്ക് കഴിയണം.

**പ്രായോഗിക സമീപനങ്ങൾ**

നമ്മുടെ സാംസ്കാരിക സാമൂഹിക ഔന്നത്യത്തെയും ക്രമസമാധാനത്തെയും യുവതലമുറയുടെ കാര്യപ്രാപ്തിയെയും

ഭാവിയെയുമെല്ലാം ഒരുപോലെ ദോഷകരമായി ബാധിക്കുന്ന ഒരു സാമൂഹിക തിന്മ എന്ന നിലയിൽ ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതിരോധം തീർത്തുകൊണ്ട് എല്ലാവരും സമൂഹത്തിന്റെ സംരക്ഷണ ത്തിനായി അണിനിരക്കണം. സർക്കാർ സംവിധാനങ്ങളും സാമൂഹിക സാമുദായിക നേതൃത്വങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചാൽമാത്രമേ, ഈ വലിയ ലക്ഷ്യം നേടിയെടുക്കാൻ നമുക്കു കഴിയുകയുള്ളൂ. വിവിധ തലങ്ങളിൽ ഈ പ്രതിസന്ധിയെ നാം നേരിടേണ്ടതുണ്ട്.

**കുടുംബതലം:**

കുടുംബങ്ങളിലാണ് ലഹരി ഉപയോഗവും അടിമത്തവും സംബന്ധിച്ച സാധ്യതകൾ അടിസ്ഥാനപരമായി പ്രതിരോധിക്കപ്പെടേണ്ടത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള പരസ്പരബന്ധവും തുറവിയും എല്ലായ്പ്പോഴും ഊഷ്മളമായി നിലനിറുത്താനും ക്രൈസ്തവ ആധ്യാത്മികതയിൽ അടിയുറച്ച ഉത്തമ കുടുംബാന്തരീക്ഷം പുലർത്താനും സ്നേഹത്തിൽ അനുദിനം വളരാനും നമ്മുടെ കുടുംബങ്ങൾക്കു കഴിയണം. മക്കളുടെയും ജീവിതപങ്കാളികളുടെയും ധനാഗമ, വിനിയോഗ രീതികളെക്കുറിച്ച് മനസിലാക്കുകയും അസ്വാഭാവികമായ രീതികൾ കാണപ്പെടുന്നപക്ഷം സവിശേഷ ശ്രദ്ധ ചെലുത്തുകയും വേണം.

**സംഘടനാതലം:**

മയക്കുമരുന്ന് വ്യാപനവുമായി ബന്ധപ്പെട്ട വിവിധ വെല്ലുവിളി കളിലൂടെ നാം കടന്നുപോകുമ്പോൾ, നമ്മുടെ കുട്ടികളെയും യുവജനങ്ങളെയും അതിനെതിരായ പോരാട്ടത്തിൽ അണിനിരത്താൻ നാം പ്രോത്സാഹിപ്പി ക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കെസിവൈഎം, കെസിഎസ്എൽ, ചെറുപുഷ്പ മിഷൻലീഗ്, യുവദീപ്തി, ജീസസ് യൂത്ത് തുടങ്ങി കുട്ടികൾക്കും യുവാക്കൾക്കും ഇടയിൽ പ്രവർത്തിക്കുന്ന സംഘടനകളെല്ലാം ഈ ലക്ഷ്യം മുൻനിറുത്തി സംഘടനാ തലത്തിൽ ലഹരി വിരുദ്ധസമിതികൾ രൂപീകരിക്കുകയും പ്രവർത്തനപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. സംഘടനകളിൽ അംഗങ്ങളായവർക്കുവേണ്ടി മാത്രമല്ല, പൊതുവേ എല്ലാ യുവജനങ്ങളെയും മുന്നിൽകണ്ടുകൊണ്ടുള്ള പദ്ധതികളായിരിക്കണം യുവജനസംഘടനകൾ വിഭാവനം ചെയ്യേണ്ടത്. സംഘടനകളുടെ ആഭിമുഖ്യത്തിൽ മയക്കുമരുന്ന് വ്യാപനത്തിനെതിരായ ക്യാംപെയ്നുകൾ നടത്തുകയും ഫലപ്രദമായ രീതിയിൽ പ്രചാരണപരിപാടികൾ സംഘടിപ്പിക്കുകയും വേണം. സമപ്രായക്കാർക്കിടയിൽ സാഹോദര്യവും സൗഹാർദ്ദവും വളർത്തിയെടുക്കാനും അപരനെക്കുറിച്ചുള്ള കരുതലിൽ യുവജനങ്ങളെ പ്രചോദിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ വഴി സാധിക്കണം. ലൈംഗിക ചൂഷണങ്ങൾക്കായി മയക്കുമരുന്ന് ഉപയോഗിക്കുന്ന പ്രവണത വർധിച്ചുവരുന്നതായും റിപ്പോർട്ടുകളുണ്ട്.

അത്തരം ഭീഷണികളെ പ്രത്യേകമായി നിരീക്ഷിക്കാനും മുൻകരുതലുകൾ സ്വീകരിക്കാനും സംഘടനകളുടെ നേതൃത്വത്തിൽ സംവിധാനങ്ങൾ ഒരുക്കണം. കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ കാത്തലിക്ക് അസോസിയേഷൻ, മലങ്കര കാത്തലിക്ക് അസോസിയേഷൻ, മാതൃസംഘം, പിതൃവേദി തുടങ്ങി മറ്റ് സഭാ സംഘടനകളും ഈ ലക്ഷ്യം അതർഹിക്കുന്ന പ്രാധാന്യത്തോടെ ഏറ്റെടുക്കുകയും കുടുംബങ്ങളും പൊതു സ്ഥലങ്ങളും മയക്കുമരുന്ന് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജിതമായി പ്രവർത്തന തലങ്ങളിലേയ്ക്ക് ഇറങ്ങുകയും വേണം. പ്രാദേശികമായ മറ്റ് സംഘടനകളും ഔദ്യോഗിക സംവിധാനങ്ങളുമായി യോജിച്ചുപ്രവർത്തിച്ചുകൊണ്ട് ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കണം. ഇടവകയിലെ വിവിധ സംഘടനകൾ, സമിതികൾ തുടങ്ങിയവയിലെ അംഗങ്ങൾ ഇക്കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കുകയും വിലയിരുത്തലുകൾ നടത്തുകയും വേണം.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ:**

എല്ലാ കത്തോലിക്കാ ഇടവകകളുടെയും അതിർത്തികൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയങ്ങളും സ്ഥാപനങ്ങളും അതിന്റെ പരിസരപ്രദേശങ്ങളും പൂർണമായും ലഹരി വിമുക്തമാണെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നമ്മുടെ മാനേജുമെന്റുകൾക്കു കീഴിലുള്ള സ്കൂളുകളിലും കോളേജുകളിലും പ്രവർത്തനസജ്ജരായ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ലഹരിവിരുദ്ധ സമിതികൾ രൂപീകരിക്കുകയും ലഹരിവിമുക്തിക്കായി ഉണർന്നു പ്രവർത്തിക്കുകയും വേണം. വിദ്യാലയങ്ങളിലും പരിസരപ്രദേശങ്ങളിലും ലഹരിപദാർഥങ്ങളുടെ വിപണന, ഉപയോഗ സാധ്യതകളുള്ള മേഖലകളെയും ക്യാമ്പസിലേക്ക് കടന്നുവരുന്ന അപരിചിതരെയും നിരീക്ഷണ വിധേയമാക്കണം. മാത്രമല്ല, മയക്കുമരുന്നിന് അടിമകളായിട്ടുള്ള വിദ്യാർത്ഥികളെ കണ്ടെത്തി തിരികെക്കൊണ്ടുവരുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ കലാലയങ്ങളിൽ ക്രമീകരിക്കുകയും വേണം.

**സഭാസംവിധാനങ്ങൾ:**

സഭയുടെ കേന്ദ്രീകൃത സംവിധാനങ്ങളുടെ ഭാഗമായ ജാഗ്രത, മദ്യവിരുദ്ധസമിതികളുടെ പ്രവർത്തനങ്ങൾ ഇടവകതലത്തിലും മേഖലാ-രൂപതാ തലങ്ങളിലും കാര്യക്ഷമമാക്കുകയും മയക്കുമരുന്ന് വ്യാപനത്തെ പ്രതിരോധിക്കാനും നിയന്ത്രണവിധേയമാക്കാനും പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണം. ഈ ഗുരുതരമായ സാമൂഹിക വിപത്തിനെ ഫലപ്രദമായി നേരിടണമെങ്കിൽ വിവിധ തലങ്ങളിലുള്ള അപഗ്രഥനങ്ങളും നിരീക്ഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. മദ്യവിരുദ്ധ, ജാഗ്രതാ സമിതികൾക്ക് അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കണം.

മതാധ്യാപകർക്ക് ഇക്കാര്യത്തിൽ വളരെയേറെ പ്രവർത്തിക്കാനുണ്ട്. തങ്ങളുടെ മുന്നിലെത്തുന്ന കുട്ടികളെ അടുത്തറിയുകയും, അവരെ പ്രബുദ്ധരാക്കുകയും ചെയ്യാൻ കഴിയുന്നത് അവർക്കാണ്. ഇപ്പോഴത്തെ ലഹരി സാധ്യതകൾക്കും അനുബന്ധ വിഷയങ്ങൾക്കും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് മുതിർന്ന വേദപാഠ ക്ലാസുകളിലെ കുട്ടികളുമായി സംവദിക്കാനും അവരെ അടുത്തു മനസിലാക്കി ആവശ്യമെങ്കിൽ തിരുത്താനും മതാധ്യാപകർ സന്നദ്ധരാകണം.

ലഹരിയുടെ വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ സമഗ്രമായ രീതിയിൽ സാമൂഹ്യപ്രതിബദ്ധതയോടെ നടപ്പിലാക്കാൻ നമ്മുടെ സഹകരണം ആവശ്യമാണ്.. വരുമാനത്തിനായി കൂടുതൽ മദ്യശാലകൾ തുറക്കുന്നതും, ഐടി പാർക്കുകളിൽ പബ്ബുകൾ തുടങ്ങുന്നതും പോലെയുള്ള പ്രവർത്തനങ്ങളിൽനിന്നു സർക്കാർ പിന്തിരിയേണ്ടതാണ്. കക്ഷിമതഭേദമേന്യേ പൊതുസമൂഹം ഒറ്റക്കെട്ടായി ലഹരിവിമുക്ത സമൂഹത്തിനുവേണ്ടി ഊർജ്ജിതമായ ഇടപെടലുകൾ നടത്താൻ ശ്രമിക്കണം. ലഹരിവിമുക്ത കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിച്ചും, സന്നദ്ധപ്രവർത്തകരെ പരിശീലിപ്പിച്ചും, ഇത്തരം ശ്രമങ്ങളിൽ ഏർപ്പെടുന്നവരെ പിന്തുണച്ചും ക്രിയാത്മകമായ പ്രവർത്തനപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ പൊതുസമൂഹത്തിനും ഭരണസംവിധാനങ്ങൾക്കും മാതൃകയാകുവാൻ കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനു കഴിയണം.

നമ്മുടെ സമൂഹത്തിന്റെ നിലനില്പിനും നന്മയ്ക്കുംവേണ്ടി ലഹരിയുടെ സംസ്കാരത്തെ പ്രതിരോധിക്കാനും ജീവന്റെ സംസ്കാരത്തെ വളർത്താനുമുള്ള വലിയ ഉത്തരവാദിത്വം കൂട്ടായ്മയിൽ ഫലപ്രദമായി നിർവഹിക്കാൻ നമുക്കു സാധിക്കട്ടെ. അതിനായുള്ള എല്ലാ പ്രവർത്തനങ്ങളിലും സമൃദ്ധമായ ദൈവാനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവം,

**ബിഷപ് വർഗീസ് ചക്കാലയ്ക്കൽ**
*വൈസ് പ്രസിഡന്റ്,*

**കർദിനാൾ ജോർജ് ആലഞ്ചേരി**
*പ്രസിഡന്റ്, കെസിബിസി*

**ബിഷപ് ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ

NB: 2022 ഒക്ടോബർ 2-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# കെസിബിസി എസ് സി /എസ് ടി/ ബിസി കമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കൻമാരെ, ബഹുമാനപ്പെട്ട വൈദികരെ, ക്രിസ്തുവിൽ പ്രിയ സഹോദരി സഹോദരന്മാരെ,

വളരെ സുപ്രധാനമായ ഒരു സന്ദേശം നിങ്ങളെ അറിയിക്കുവാനാണ് ഇത് എഴുതുന്നത്. മതേതരത്വം മുഖമുദ്രയായി ഭരണം നടക്കുന്ന നമ്മുടെ ഭാരതത്തിൽ ക്രൈസ്തവ മതം സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ ജന്മ അവകാശം നിഷേധിക്കപ്പെട്ട ജനസമൂഹമാണ് പട്ടികജാതിയിൽ നിന്നും ക്രിസ്തു മതം സ്വീകരിച്ച ദലിത് ക്രൈസ്തവർ.

സ്വതന്ത്ര ഭാരതത്തിൽ ഭരണഘടന നിലവിൽ വന്നപ്പോൾ നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പിന്തള്ളപ്പെട്ടു പോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗം എന്ന് വകുപ്പ് ചേർക്കുകയും 1950 ഓഗസ്റ്റ് പത്താം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഉത്തരവ് ഇറക്കുകയും ഹിന്ദു മതവിശ്വാസികൾക്ക് മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തുകയും ചെയ്തു. 1956 സിക്കു മതവിശ്വാസികളെയും 1990 ബുദ്ധമത വിശ്വാസികളായ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. എന്നാൽ ഇക്കാലമത്രയും ക്രൈസ്തവമതത്തിൽ വിശ്വസിക്കുന്ന ദലിതരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ഈ ജനസമൂഹം നിരന്തരമായ സമരത്തിന്റെയും നിവേദനങ്ങളുടെയും ഫലമായി ദേശീയതലത്തിലും സംസ്ഥാന തലത്തിലും കമ്മീഷനുകളെ നിയമിച്ചിട്ടു ണ്ടെങ്കിലും കമ്മീഷൻ റിപ്പോർട്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല.

ട്രിച്ചി സ്വദേശിയായ അഡ്വക്കേറ്റ് ഫ്രാങ്ക്ളിൻ സീസർ 2004 സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തു. 1950 ആഗസ്റ്റ് പത്താം തീയതി ഇറക്കിയ ഉത്തരവിലേ മൂന്നാം ഖണ്ഡിക റദ്ദ് ചെയ്ത ദലീത് ക്രൈസ്തവർക്കും പട്ടികജാതി സംവരണം നൽകണം എന്നാവശ്യപ്പെട്ടു കൊണ്ടാണ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാവശ്യം മാറ്റിവെച്ചു എങ്കിലും 2022 ഒക്ടോബർ പതിനൊന്നാം തീയതി സുപ്രീംകോടതിയിൽ വീണ്ടും വിചാരണയ്ക്ക് വരികയാണ്. പ്രസ്തുത കേസ് വിജയിക്കാനും നമ്മുടെ സഹോദരി സഹോദരന്മാർക്ക് പട്ടികജാതി സംവരണം ലഭിക്കുവാനും 2022 ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച പ്രാർത്ഥന ദിനമായി ആചരിക്കുകയാണ്. അന്നേദിവസം എല്ലാവരും ചേർന്ന് പ്രത്യേകം പ്രാർത്ഥന നടത്തുകയും കേസിൽ നമുക്ക് വേണ്ടി വാദിക്കുന്ന വക്കീലന്മാരെയും വാദം കേൾക്കുന്ന ജഡ്ജിമാരെയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കാം

ഈശോയിൽ സ്നേഹപൂർവ്വം,

ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ
വൈസ് ചെയർമാൻ

ബിഷപ്പ് യൂഹാനോൻ മാർ തേയഡോഷ്യസ്
വൈസ് ചെയർമാൻ

NB: 2022 ഒക്ടോബർ ഒൻപതാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പി ക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീ കരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സഭാ നവീകരണം 2022 – 2025
## നാല്പതുദിന പ്രാർത്ഥനായജ്ഞം

| തീയതി | രൂപത | തീയതി | രൂപത |
|---|---|---|---|
| സെപ്റ്റംബർ 09 | ആലപ്പുഴ | „ 29 | പാറശാല |
| „ 10 | ബത്തേരി | „ 30 | പുനലൂർ |
| „ 11 | കോഴിക്കോട് | ഒക്ടോബർ 01 | കൊല്ലം |
| „ 12 | ചങ്ങനാശ്ശേരി | „ 02 | സുൽത്താൻപെട്ട് |
| „ 13 | കൊച്ചി | „ 03 | തലശേരി |
| „ 14 | എറണാകുളം | „ 04 | താമരശേരി |
| „ 15 | ഇടുക്കി | „ 05 | പത്തനംതിട്ട |
| „ 16 | ഇരിങ്ങാലക്കുട | „ 06 | തൃശ്ശൂർ |
| „ 17 | കാഞ്ഞിരപ്പള്ളി | „ 07 | തിരുവനന്തപുരം (എം) |
| „ 18 | കണ്ണൂർ | „ 08 | തിരുവനന്തപുരം (എൽ) |
| „ 19 | കോതമംഗലം | „09 | വിജയപുരം |
| „ 20 | കോട്ടപ്പുറം | „ 10 | വരാപ്പുഴ |
| „ 21 | കോട്ടയം | „ 11 | ഫ്രാൻസിസ്പാപ്പ |
| „ 22 | മാനന്തവാടി | „ 12 | ഭാരതസഭ |
| „ 23 | മാവേലിക്കര | „ 13 | ഏഷ്യൻസഭ |
| „ 24 | മൂവാറ്റുപുഴ | „ 14 | യൂറോപ്യൻസഭ |
| „ 25 | നെയ്യാറ്റിൻകര | „ 15 | ആഫ്രിക്കൻസഭ |
| „ 26 | പാല | „ 16 | അമേരിക്കൻ സഭ |
| „ 27 | പാലക്കാട് | „ 17 | ഓസ്ട്രേലിയൻ സഭ |
| „ 28 | തിരുവല്ല | „ 18 | മരണമടഞ്ഞവർക്കുവേണ്ടി |

### നിയോഗം

***രൂപതക്കു മുഴുവനുംവേണ്ടി, ഇടവകകൾക്കുവേണ്ടി, സ്ഥാപനങ്ങൾക്കുവേണ്ടി, സന്യാസിനീ, സന്ന്യാസികൾക്കുവേണ്ടി, രൂപതാധ്യക്ഷൻമാർ, വൈദികർ എന്നിവർക്കുവേണ്ടി, സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയ്ക്കുവേണ്ടി, രാജ്യത്തിനും ഭരണകർത്താക്കൾക്കുംവേണ്ടി.***

**ബാലികാദിനാഘോഷം സെന്റ് മേരീസ്,കുറുമുള്ളൂർ**



# സിനഡാത്മക സഭയിലേക്ക്

## കുഞ്ഞുമിഷണറിമാരുടെ മുന്നേറ്റം-പ്രേഷിത ചൈതന്യത്തോടെ

ഫാ. മാത്യു ഒഴത്തിൽ

**ഭാ**രതരക്ഷ ഭാരതമക്കളിൽ എന്ന ആപ്തവാക്യത്തിലൂന്നി, കുട്ടികളിൽ പ്രേഷിതചൈതന്യവും ദൈവവിളി പ്രോത്സാഹനവും നൽകുന്ന ആത്മീയ ഭക്ത സംഘടനയാണ് ചെറുപുഷ്പ മിഷൻലീഗ് (സി.എം.എൽ.) കോവിഡ് നിയന്ത്രണങ്ങൾ അകലുന്ന സാഹചര്യത്തിൽ നമ്മുടെ ഓരോ ഇടവക കൾതോറുമുള്ള മിഷൻലീഗിന്റെ ശക്തമായ പ്രവർത്തനങ്ങൾക്ക് പരിശു ദ്ധാത്മാവ് അതിശക്തമായി പ്രചോദനം നൽകുകയാണ്.

ജ്ഞാനസ്നാനം സ്വീകരിച്ച് സഭയിൽ പങ്കാളികളാകുന്ന ഓരോരു ത്തരും ക്രിസ്തുവിന്റെ പ്രേഷിതചൈതന്യം ഏറ്റുവാങ്ങി ലോകത്തിന് പ്രകാശമാകേണ്ടവരാണ്. അനുഭവിച്ചറിയുന്ന ക്രിസ്തുവിനെ ജീവിക്കുന്ന ചുറ്റുവട്ടങ്ങളിൽ പങ്കുവയ്ക്കുമ്പോഴാണ് ക്രിസ്തുവിന്റെ പ്രേഷിതചൈ തന്യം ജ്വലിപ്പിക്കാനാവൂന്നത്. നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (MK. 16:15) എന്ന ക്രിസ്തുനാഥന്റെ ദൗത്യത്തെ സ്നേഹാവേശത്തോടെ ഏറ്റുവാങ്ങി, മറ്റു ള്ളവരെ ആ ക്രിസ്തുസ്നേഹത്തിലേക്ക് നയിക്കുന്നതിനുള്ള പ്രേഷിത ചൈതന്യം നമ്മുടെ കുഞ്ഞുങ്ങളിലേക്ക് പടർത്തുന്ന ഏറ്റം തീക്ഷ്ണത യുള്ള മാർഗ്ഗമാണ് ചെറുപുഷ്പമിഷൻലീഗ്. നമ്മുടെ ഓരോ ഇടവകയും കേന്ദ്രീകരിച്ച് നാളുകൾക്കു മുമ്പേ മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ് എന്നത് നമുക്ക് അഭിമാനത്തോടെ ഓർക്കാം. ഒപ്പം മിഷൻമാസമായ ഒക്ടോബർ മാസം മുതൽ ഓരോ സി.എം.എൽ. ശാഖയും കൂടുതൽ സജീവമാക്കാൻ നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. ബഹു. വികാരിയച്ചന്മാരുടെ കീഴിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടിക ൾ അംഗത്വം സ്വീകരിച്ചും മറ്റുള്ളവർ അംഗത്വം നവീകരിച്ചും മീറ്റിംഗ് നടത്തിയും മിഷൻ പിരിവ് നടത്തിയും ഒക്ടോബർ മാസം നന്നായി ആച രിക്കാൻ ശ്രദ്ധിക്കുമല്ലോ. മതബോധന അധ്യാപകരുടെ പ്രത്യേകിച്ച് സി. എം.എൽ. ശാഖാ ആനിമേറ്റേഴ്സിന്റെയും ശക്തമായ പ്രചോദനവും നേതൃ ത്വവും കുട്ടികൾക്ക് ഇക്കാര്യത്തിൽ നൽകണമെന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു. ബഹുമാന്യ സോണൽ ഡയറക്ടർമാർ സോണൽതല പ്രവർത്തനങ്ങളെ ഏകോപിക്കാൻ ശ്രദ്ധിക്കുമല്ലോ.

ക്രിസ്തുവിന്റെ സഭ, സിനഡാത്മകസഭയായി രൂപപ്പെടുകയും മുന്നേ റുകയും ചെയ്യേണ്ടത് കൂട്ടായ്മ-പങ്കാളിത്വം- പ്രേഷിതത്വം എന്നീ തല ങ്ങളിലൂടെയാണ് എന്ന് നാം ഇതിനോടകം തിരിച്ചറിഞ്ഞു. പരിശുദ്ധത്രി ത്വത്തിന്റെ കൂട്ടായ്മാചൈതന്യം വിശ്വാസസമൂഹത്തിന്റെ അടിസ്ഥാന പ്രമാണമായി മാറണം. ഒന്നിച്ചു മുന്നേറുന്ന സഭയാകാൻ, ആഴമേറിയ കൂട്ടായ്മ അനിവാര്യമാണെന്ന് ഫ്രാൻസീസ് പാപ്പ ഏവരേയും ഓർമ്മ പ്പെടുത്തിക്കൊണ്ടിരിക്കുന്നു. സഭയുടെ കുഞ്ഞുമക്കൾ കൂട്ടായ്മ നേടി യെടുക്കാൻ മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ കാരണമാകുന്നു. പങ്കാളി

ത്വമാണ് 'സഹയാത്രികസഭ' യെ ഉജ്ജ്വലിപ്പിക്കുന്നത്. അതിനാൽ കുട്ടികളെ സഭാജീവിതത്തിൽ മുന്നോട്ടുവരാൻ ചെറുപ്പത്തിലെ സഹായിക്കുന്നതാണ് മിഷൻലീഗിന്റെ പ്രവർത്തനങ്ങൾ ഇതു മനസ്സിലാക്കി. ഇടവകയിലെ കുട്ടികളെ ചെറിയ ചെറിയ പ്രവർത്തനങ്ങളിൽ കൂടുതലായി പങ്കുചേർക്കാൻ, മാതാപിതാക്കളും, മതാധ്യാപകരും സവിശേഷ ശ്രദ്ധ പതിപ്പിക്കണം. കൂട്ടായ്മാനുഭവത്തിലും പങ്കാളിത്ത പ്രവർത്തനത്തിലും നിറഞ്ഞ്, ക്രിസ്തുവിന്റെ കുഞ്ഞുമിഷണറിമാരായി സ്വന്തം ഇടവകാതിർത്തിയിൽ യേശുവിനെയും അവിടുത്തെ വചനമൂല്യങ്ങളേയും സഹപാഠികൾക്കിടയിൽ ഉയർത്തിപ്പിടിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളിലേക്ക് പ്രവേശിക്കാൻ മിഷൻലീഗ് വഴിയുള്ള പ്രവർത്തനങ്ങൾ കുട്ടികളെ നന്നായി സഹായിക്കും. മറ്റുള്ളവർക്കിടയിൽ, യേശുക്രിസ്തിവിന്റെ പ്രബോധന മൂല്യങ്ങളായ സ്നേഹം- ത്യാഗം-സേവനം-സഹനം എന്നിവ വ്യാപിപ്പിക്കാൻ 'മിഷൻലീഗ് കുഞ്ഞുമക്കളെ ഏറെ സഹായിക്കും. അതുവഴി തങ്ങളിലെ ദൈവവിളി തിരിച്ചറിയാനും, അവർക്കിടയാകും. ക്രിസ്തുവിൽ നിന്നും, പ്രേഷിതചൈതന്യം ഏറ്റുവാങ്ങി ക്രിസ്തുവിന്റെ കൊച്ചുമിഷണറിമാരായി സിനഡാത്മക സഭയിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ ഒന്നിച്ച് മുന്നേറട്ടെ. ഒക്ടോബർ മാസത്തിന്റെ വിശുദ്ധപുഷ്പമായ കൊച്ചുത്രേസ്യാ പുണ്യവതി നമ്മുടെ രൂപതയുടെ ദ്വിതീയമധ്യസ്ഥ കുഞ്ഞുമക്കൾക്ക് മാതൃകയും മധ്യസ്ഥയും ആയിരിക്കട്ടെ.'

## പരേതരെ സ്മരിക്കാം – ഒക്ടോബർ

| | | |
|---|---|---|
| 10 | (1966) | ഫാ. ജെയിംസ് ഉണ്ണാണ്ടൻപറമ്പിൽ |
| 11 | (1965) | ഫാ. വാലന്റൈൻ ഒ.സി.ഡി. |
| 13 | (2019) | ഫാ. കുര്യാക്കോസ് പ്ലാത്തോട്ടം |
| 20 | (1954) | ഫാ. സെബാസ്റ്റ്യൻ തെക്കേപ്പുര |
| 27 | (1969) | ഫാ. സെബാസ്റ്റ്യൻ മുഴങ്ങൻതറ |
| 29 | (1927) | ബ്ര. റോക്കി പാലയ്ക്കൽ റ്റി.ഒ.സി.ഡി. |




ഒക്ടോബർ

## ജന്മദിനാശംസകൾ

| | |
|---|---|
| 02 | ഫാ. ഫെർണാണ്ടോ കല്ലുപാലം |
| 03 | ഫാ. സെൽവി ആന്റണി പ്ലാപ്പറമ്പിൽ |
| 03. | ഫാ. രാജൻ ജോർജ്ജ് സി.പി. |
| 31. | ഫാ. ജോർജ് ജോൺ മേരിമംഗലം |

# ജപമാല സ്വർഗ്ഗം നൽകിയ ആയുധം

റവ.സി. മേരി എൽസ. ഡി.ഐ.എച്ച്.

സ്വർഗ്ഗത്തെയും ഭൂമിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഗോവണിയാണ് പരിശുദ്ധ അമ്മ. പരിശുദ്ധ അമ്മയോടു ചേർന്നു നിന്നുകൊണ്ട് സ്വർഗ്ഗീയമായ കൃപാസമൃദ്ധി നുകരുവാൻ സ്വർഗ്ഗം നൽകിയ സമ്മാനമാണ് ജപമാല. മാലാഖമാരുടെ വാക്കുകളും മനുഷ്യരുടെ സ്വരവും ഇടകലരുന്ന പ്രാർത്ഥന. സ്വർഗ്ഗത്തിലും ഭൂമിയിലും ഒന്നുപോലെ മുഴങ്ങുന്ന പ്രാർത്ഥന. ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതുവഴി സ്വർഗ്ഗീയമായ കൃപകളാൽ നിറയപ്പെടുവാൻ സാധിക്കുമെന്ന് പരിശുദ്ധ അമ്മ ഉറപ്പു നൽകുന്നു. ജപമാല പ്രാർത്ഥനയിലൂടെ ലഭിക്കുന്ന വിവിധങ്ങളായ നന്മകളിലൂടെ ഒന്നു കണ്ണോടിക്കുവാൻ ഈ ലേഖനം സഹായകമാകട്ടെ.

**ജപമാല ധ്യാനാത്മകജീവിതത്തിനു വഴികാട്ടി**

പുത്രനായ ഈശോയുടെ ജീവിതത്തിലെ രക്ഷാകരസംഭവങ്ങളെ ആധാരമാക്കി ക്രമപ്പെടുത്തപ്പെട്ടവയാണ് ഓരോ ജപമാല രഹസ്യങ്ങളും. ജപമാല പ്രാർത്ഥന നാം അർപ്പിക്കുന്നതുവഴിയായി ഈശോയുടെ ജീവിതത്തിലെ രക്ഷാകര രഹസ്യങ്ങളെക്കുറിച്ച് നാം ധ്യാനിക്കുകയാണ് ചെയ്യുക. ഓരോ രഹസ്യങ്ങളും ധ്യാനാത്മകമായി പ്രാർത്ഥനയായി നാം ഉരുവിടുമ്പോൾ നമ്മുടെ ജീവിതത്തെയും നാം ഒരു ധ്യാനമാക്കി മാറ്റുന്നു. അമ്മയുടെ മടിയിലിരുന്ന് പുത്രന്റെ മുഖം ധ്യാനിക്കുന്ന രക്ഷാകര അനുഭവത്തിലേയ്ക്ക് ജപമാല പ്രാർത്ഥന നമ്മെ നയിക്കുന്നു. ജീവിതത്തിലെന്നും ക്രിസ്തുവിന്റെ തിരുമുഖത്തെ നോക്കി ധ്യാനിച്ചു പരിശുദ്ധ അമ്മയുടെ ധ്യാനാത്മക ജീവിതം നമുക്ക് മാതൃകയും കരുത്തുമായി മാറുന്നു.

**ജപമാല  തിന്മയ്ക്കെതിരായുള്ള ആയുധം**

മാതൃഭക്തനായ വി. ലൂയിസ് മോണ്ട്ഫോർട്ട് ഇപ്രകാരം പറയുന്നു. ജപമാല ചൊല്ലുന്ന ഒരുവനും ഒരിക്കലും നാശത്തിലേയ്ക്കു പോകില്ല. ഈ പ്രസ്താവ്യം എന്റെ രക്തം കൊണ്ടുതന്നെ രേഖപ്പെടുത്തുവാൻ ഞാൻ ഒരുക്കമാണ്. ഈ ആധുനിക കാലത്ത് പ്രതിസന്ധികളുടെയും പ്രലോഭനങ്ങളുടെയും മുൻപിൽ ഉപയോഗിക്കേണ്ട ശക്തമായ ആയുധമാണ് ജപമാല. ജപമാല പ്രാർത്ഥനയിലൂടെ ആത്മീയ ജീവിതത്തിൽ മുന്നേറുന്ന ഒരു മനുഷ്യനും തന്റെ ജീവതത്തിൽ പതറിപോകുവാൻ പരിശുദ്ധ അമ്മ സമ്മതിക്കുകയില്ല. കാരണം സഭയുടെ പാരമ്പര്യവും നമ്മെ പഠിപ്പിക്കുന്നതുപോലെ 13-ാം നൂറ്റാണ്ടിൽ പരിശുദ്ധ അമ്മ വി. ഡൊമിനിക്കിന് എല്ലാ തിന്മകൾക്കുമെതിരായിട്ടുള്ള ശക്തമായ ആത്മീയ ആയുധമായി ജപമാല നൽകി. അന്നു മുതൽ ഇന്നോളം തിരുസഭാമക്കൾ തളർന്നുവീഴാതിരിക്കുവാൻ പരിശുദ്ധ അമ്മ  ശക്തികേന്ദ്രമായി കൂടെ നിൽക്കുന്നു. ജപമാല പ്രാർത്ഥന ഏറ്റവും വലിയ സംരക്ഷണമായി നിലകൊള്ളുന്നു. ഒൻപതാം പീയൂസ് പാപ്പ പറയുന്നു. പിശാചിനെ തുരുത്തുവാനും പാപ

ത്തിൽ നിന്നും ഒരുവനെ രക്ഷിക്കുവാനുമായി ജപമാലപോലെ ശക്തമായ ഒരായുധമില്ല. നമ്മുടെ ഹൃദയത്തിലും കുടുംബത്തിലും രാജ്യത്തിലും സമാധാനമുണ്ടാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ, ഓരോ സായ്ഹന ങ്ങളിലും ഒന്നിച്ചുകൂടി ജപമാല ചൊല്ലുവിൻ. നിങ്ങൾ എത്രമാത്രം ക്ഷീണി തരാണെങ്കിലും ഭാരപ്പെട്ടവരാണെങ്കിലും ജപമാല ചൊല്ലാതെ ഒരുദിവ സംപോലും കടന്നുപോകരുത്. വിശ്വാസത്തോടും ഭക്തിയോടുംകൂടെ നാം സമർപ്പിക്കുന്ന ഓരോ ജപമാല പ്രാർത്ഥനയും നമ്മുടെ ആത്മാക്കളെ തിന്മയിൽ നിന്നും രക്ഷിക്കുവാൻ ശക്തിയുള്ള ആത്മീയ ആയുധമായി മാറുന്നു.

**ജപമാല എല്ലാ അനുഗ്രഹങ്ങളുടെയും തായ്‌വേര്.**

ദൈവത്തിനും മനുഷ്യർക്കുമിടയിലെ മദ്ധ്യസ്ഥയാണ് കൃപയുടെ നിറ കുടവും ഭണ്ഡാരവുമായ പരിശുദ്ധ അമ്മ. അമ്മ വഴിയായി അനുഗ്രഹ ത്തിന്റെ കൃപയുടെ നീർച്ചാലുകൾ മനുഷ്യജീവിതങ്ങളിലേയ്ക്കൊഴുകി ഇറങ്ങുവാൻ സഹായിക്കുന്ന ഒരു പ്രധാന ഘടകമാണ് ജപമാല. അമ്മ മാതാവിന്റെ മാദ്ധ്യസ്ഥ പ്രവർത്തന വഴി യേശുവിലൂടെ നാം കൃപ നിറ ഞ്ഞവരും അനുഗ്രഹമാകുന്നവരുമായി മാറുന്നു. കാരണം യേശുവിനെ പ്രതിയാണ് മറിയം കൃപ നിറഞ്ഞവളും അപരർക്ക് അനുഗ്രഹവുമായി മാറിയത്. അപ്പോൾ യേശു കേന്ദ്രീകൃതമായ ഈ പ്രാർത്ഥന വഴി നാമും നമുക്കുള്ളതും ഒക്കെ അനുഗ്രഹം നിറഞ്ഞതായി മാറുന്നു. പന്ത്രണ്ടാം പീയൂസ് മാർപാപ്പ പറയുന്നു. ദൈവാനുഗ്രഹം കുടുംബങ്ങളുടെ മേൽ വിളിച്ചിറക്കുവാൻ അനുദിന ജപമാലപോലെ മറ്റൊരു മാർഗ്ഗവുമില്ല. വി. പാദ്രേപീയോ പറയുന്നതിപ്രകാരമാണ്. "അമ്മയുടെ അടുക്കലേയ്ക്ക് പോവുക. അവളെ സ്നേഹിക്കുക, എപ്പോഴും ജപമാല ചൊല്ലുക. നന്നായി ചൊല്ലുക, സാധിക്കുന്നത്രയും ആവർത്തിച്ചു ചൊല്ലുക. പ്രാർത്ഥനയുടെ ആത്മാക്കളാവുക. ഒരിക്കലും പ്രാർത്ഥിച്ച് മടുക്കാതിരിക്കുക, പ്രാർത്ഥന ദൈവത്തിന്റെ ഹൃദയത്തെ ചലിപ്പിക്കും. ആവശ്യാനുഗ്രഹങ്ങളെ പ്രാപി ച്ചതരികയും ചെയ്യും." നിരന്തരമായ ജപമാല ഭക്തിയിലൂടെ അനുഗ്രഹ ത്തിന്റെ അമ്മയായ പരിശുദ്ധ മറിയത്തെ നമുക്കു മുറുകെ പിടിക്കാം.

**ജപമാല - സുകൃത ജീവിത സഹായി**

ജപമാല പ്രാർത്ഥന സുകൃതാഭ്യാസത്തിനു നമ്മെ സഹായിക്കുന്നു. പരിശുദ്ധ മറിയത്തെ ഗബ്രിയേൽ മാലാഖ അഭിസംബോധന ചെയ്യുന്നത് 'കൃപ നിറഞ്ഞവളേ' എന്നാണ്. ഓരോ ജപമാല പ്രാർത്ഥനയിലൂടെയും നാം ഈ പ്രാർത്ഥന ആവർത്തിച്ചുരുവിടുമ്പോൾ പുണ്യ സമ്പൂർണ്ണയായ നല്ല അമ്മ നമ്മുടെ ജീവിതങ്ങളും പുണ്യങ്ങളാൽ നിറയപ്പെടുവാൻ സഹാ യിക്കുന്നു. വ്യക്തിജീവിതങ്ങൾ നന്മനിറഞ്ഞതാകുവാൻ സഹായിക്കുന്നു. പത്താംപീയൂസ് പാപ്പയുടെ വാക്കുകൾ ഇതിന് ഉത്തമ ഉദാഹരണമാണ്. പാപ്പ പറയുന്നു. 'ജപമാലപോലെ ഇത്രയും മനോഹരവും കൃപയാൽ ധന്യവുമായ മറ്റൊരു പ്രാർത്ഥന ഇല്ല പരിശുദ്ധ അമ്മയുടെ ഹൃദയത്തെ ഇത്രയും സ്പർശിക്കുന്ന മറ്റൊരു പ്രാർത്ഥന ഇല്ല.' പരിശുദ്ധ അമ്മ തന്റെ

വിവിധ ദർശനങ്ങളിൽ ജപമാല പ്രാർത്ഥനയുടെ പ്രാധാന്യം വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. “ജപമാല ആഴമേറിയ ഭക്തിയോടെ ഓരോ രക്ഷാകരമായ രഹസ്യങ്ങളും ആഴത്തിൽ ധ്യാനിച്ചും അതിന്റെ പുണ്യഫലങ്ങൾ അനുദിന ജീവിതത്തിൽ പ്രാപിച്ചും അനുകരിച്ചും ജീവിക്കുവാൻ ശ്രദ്ധിക്കണം. “ജപമാല പ്രാർത്ഥന ചൊല്ലുന്നതുവഴി ലഭിക്കുന്ന ഫലങ്ങൾ പുണ്യജീവിതത്തിനും പരിശുദ്ധ അമ്മ നൽകുന്ന ഏറ്റവും വലിയ ഉറപ്പാണിത്”

**ജപമാല- സ്വർഗ്ഗീയ സിംഹാസനത്തിലേയ്ക്കുള്ള മാർഗ്ഗം**

നിരന്തരം ജപമാല ചൊല്ലുന്ന ഒരാത്മാവ് നിത്യാഗ്നിയിലേക്ക് പോകുവാൻ പരിശുദ്ധ അമ്മ അനുവദിക്കുകയില്ല. യേശുവിന്റെ ജീവിത രഹസ്യങ്ങളോട് പരിശുദ്ധ അമ്മ ചേർന്നു നിന്നതുപോലെ ജപമാല രഹസ്യങ്ങളോട് ആഴത്തിൽ ചേർന്നു നിൽക്കുവാൻ പരിശുദ്ധ അമ്മ ആഗ്രഹിക്കുന്നു. “ജപമാലയുടെ ശൃംഖലയിൽ നിൽക്കുന്ന ഒരുവനും ഒരിക്കലും നശിച്ചുപോകില്ല. മരണസമയത്ത് ഞാൻ തന്നെ അവരെ എന്റെ പുത്രന്റെ സിംഹാസനത്തിലേയ്ക്കുള്ള നയിക്കും.” പരിശുദ്ധ മറിയത്തിന്റെ വെളിപ്പെടുത്തലുകളിൽ ഒന്നാണ്. ജപമാല പ്രാർത്ഥനയിലൂടെ നാം കടന്നുപോകുമ്പോൾ പരിശുദ്ധ കന്യക ശരീരത്തിലും ആത്മാവിലും പരിശുദ്ധയാണെന്നും ദൈവകൃപ നമ്മിലേയ്ക്ക് ഒഴുക്കുവാൻ സാധിക്കുന്നവളാണെന്നും സഹരക്ഷയ്ക്കായി വർത്തിക്കുന്നവളാണെന്നും ഈ നിമിഷിവും മരണസമയങ്ങളിലും നിത്യനാശത്തിൽ നിന്ന് നമ്മെ രക്ഷിക്കുവാൻ കഴിയുന്നവളാണെന്നും നാം ഏറ്റുപറയുന്നു. ഫാത്തിമ ദർശനവേളയിൽ പരിശുദ്ധ അമ്മ ഒരോ ജപമാല രഹസ്യത്തിനുമൊടുവിൽ പ്രാർത്ഥിക്കേണ്ടതായ ‘ഓ എന്റെ ഈശോയേ’ എന്ന് പ്രാർത്ഥന പഠിപ്പിച്ചുകൊടുക്കുന്നുമുണ്ട്. ആ പ്രാർത്ഥനയിലും നാം ആവർത്തിച്ച് ഏറ്റുപറയുന്നത് നിത്യനരകാഗ്നിയിലും ഞങ്ങളെ രക്ഷിക്കണമേ എന്നതാണ്. നിത്യാഗ്നിയുടെ ചൂടിൽ നിന്നും നമ്മുടെ ആത്മാക്കളെ രക്ഷിച്ചു പുത്രന്റെ സിംഹാസനത്തിങ്കൽ സമാധാനത്തിൽ ആശ്വസിക്കുവാൻ ജപമാല നമ്മെ സഹായിക്കുന്നു.

ജപമാല ഒരു രഹസ്യമാണ്. രഹസ്യങ്ങളെ ആദരിക്കുന്ന എളിയവരായ ആത്മാക്കൾക്ക് പരിശുദ്ധാത്മാവ് ഈ രഹസ്യങ്ങൾ വെളിവാക്കി നൽകുന്നു. സ്ഥിരോത്സാഹത്തോടെ ഈ രഹസ്യങ്ങളെ ധ്യാനിക്കുവാൻ ഈ ജപമാല മാസത്തിൽ നമുക്കു സാധിക്കട്ടെ. ഈ ജപമാല മാസത്തിന്റെ ഓരോ ദിവസവും ജപമാല മുറിയാത്ത ദിവസങ്ങളുടേതാവട്ടെ. ഇരുൾ മൂടിയ വഴികളിൽ പരിഭ്രമിക്കാതിരിക്കാൻ, കാലിടറാതിരിക്കുവാൻ.. ജീവിതം അർത്ഥരഹിതമായി തോന്നുമ്പോൾ കർമ്മങ്ങൾ പാഴ്‌വേലയാകുമ്പോൾ, തെറ്റിദ്ധാരണകൾ പേടിപ്പെടുത്തുമ്പോൾ എല്ലാ പതറാതിരിക്കുവാൻ പരിശുദ്ധ അമ്മ നമ്മെ സഹായിക്കട്ടെ. പ്രലോഭനങ്ങളിൽ പതറാതിരിക്കുവാൻ, തിന്മകൾ ജീവിതത്തിൽ ഭരണം നടത്താതിരിക്കുവാൻ ജപമാല ശക്തമായ ആയുധമാകട്ടെ.

# ജസ്റ്റീസ് സൺഡേ ദിനാചരണം




ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ നീതി നിഷേധിക്കപ്പെട്ട ദളിത് സമൂഹത്തോട് ഒപ്പം ചേർന്നു നിന്നുകൊണ്ട് ഭാരത കത്തോലിക്ക സഭ ആഹ്വാനം ചെയ്തിട്ടുള്ള നീതി ഞായർ ആചരണം വിജയപുരം ഡി.സി. എം.എസ്. പട്ടിത്താനം മേഖലയുടെ നേതൃത്വത്തിൽ പൊതി സെന്റ് മൈക്കിൾസ് ഇടവകയിൽ ആചരിച്ചു. പൊതി ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ വച്ച നടന്ന സമ്മേളനം കടുത്തുരുത്തി എം.എൽ.എ. ശ്രീ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ജോസ് ഇടംങ്ങലിൽ അദ്ധ്യക്ഷത വഹിച്ചു. സി.സി.എം.എസ്. മേഖലാ ഡയറക്ടർ റവ.ഫാ. തോമസ് തച്ചിലാടി അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ, പഞ്ചായത്ത് മെമ്പർ വിജയമ്മ ബാബു, ഡി.സി. എം.എസ്. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ജോസഫ് ബോണിഫെസ് എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

മേഖലാ സെക്രട്ടറി ജോയി കൂനാനിക്കൽ സ്വാഗതവും സെക്രട്ടറി സാജു വേമ്പേനിക്കാലയിൽ നന്ദിയും പറഞ്ഞു. മേഖലയിൽ നിന്നുള്ള ഡോ. ആതിര അന്ന ജോൺ, ഡോ. റീനാ ആന്റണി, കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ വാങ്ങിയ 6 കുട്ടികൾ നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന പൊതി സെന്റ് മൈക്കിൾസ് വികാരി ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ എന്നിവരെ ആദരിച്ചു. തുടർന്ന് "ബ്ര. റോക്കി പാലക്കലും, കോട്ടയം മിഷനും" എന്ന വിഷയത്തിൽ മാധ്യമപ്രവർത്തകനായ ആർട്ട്സൺ പൊതി ക്ലാസ് എടുത്തു. സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു.



## അഭിനന്ദനങ്ങൾ

എല്ലാ വിഷയങ്ങൾക്കും
A+ കരസ്ഥമാക്കിയ
**ആഷ്ന തോമസ്**
ഇലയ്ക്കാട് ഇടവക

# വിജയപുരം ബ്രില്യന്റ് മീറ്റ്



വിജയപുരം രൂപത വിദ്യാഭ്യാസ ശുശ്രൂഷയുടെ ഭാഗമായി വിജയപുരം ബ്രില്യന്റ് മീറ്റ് സംഘടിപ്പിച്ചു. രൂപതാ മക്കൾക്ക് മെഡിക്കൽ, എൻജിനീയറിങ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് 'വിജയപുരം ബ്രില്യന്റ് മീറ്റ്'. പാലാ ബ്രില്യന്റ് അക്കാദമിയുമായി സഹകരിച്ചാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. രണ്ട് ബാച്ചുകളിലായുള്ള 84 കുട്ടികളിൽ 72 കുട്ടികളും അവരുടെ മാതാപിതാക്കളും ഈ മീറ്റിങ്ങിൽ പങ്കെടുത്തു. റവ.സി. മിനി, റവ.സി. എയ്ഞ്ചല, ശ്രീ. ആൽഫ്രഡ് എന്നിവർ കുട്ടികളുടെ ബ്രില്ല്യന്റിലെ പഠനനിലവാരവും +1 റിസൾട്ടും വിലയിരുത്തുകയുണ്ടായി. തുടർന്ന് രൂപത എപ്പിസ്കോപ്പൽ വികാർ മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ കുട്ടികളുടെ ആത്മീയ, മാനസിക, ബൗദ്ധിക വളർച്ചയെപ്പറ്റി ക്ലാസ് നയിച്ചു.

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ 43 – ാമത് വിജയപുരം സെൻട്രൽ കൗൺസിൽ വാർഷികം



2022 സെപ്റ്റംബർ 4 –നു വിമലഗിരി പാസ്റ്ററൽ സെന്ററിൽ 43–മത് വാർഷികം നടത്തപ്പെട്ടു. സൊസൈറ്റിയുടെ സീനിയർ മെമ്പർ ബ്രദർ

റ്റി.പി. പൈലി പതാകയുയർത്തി. മോൺ.ഡോ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ കൃതജ്ഞതാബലി അർപ്പിച്ചു. സി.സി. പ്രസിഡന്റ് ബ്ര. പി.എം. രാജേഷ് അദ്ധ്യക്ഷത വഹിച്ച വാർഷിക സമ്മേളനം അഭി. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് ഉദ്ഘാടനം ചെയ്തു. സൊസൈറ്റിയുടെ ദേശീയ ഉപാദ്ധ്യക്ഷൻ ബ്രദർ സെബാസ്റ്റ്യൻ തോമസ് മുഖ്യപ്രഭാഷണം നടത്തി.



സി.സി.ബി.ഐ. സംഘടിപ്പിച്ച ഫൈനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർമാരുടെ ദേശീയ സമ്മേളനത്തിൽ ഫാ. ഹിലാരി തെക്കേക്കുറ്റ് പങ്കെടുത്തപ്പോൾ



അരണക്കൽ ഇടവക ശതാബ്ദിസമാപനം


ASSISI HOSPITAL

ASSISI HOSPITAL

HEALTH CARE RELATION SINCE 1987 | RUN BY DIOCESE OF VIJAYAPURAM

MUKKOOTTUTHARA P.O ERUMELY, KOTTAYAM

Phone: 9744800044 E-mail : assisihospital25@gmail.com



ഇടവക സന്ദർശനനവും സ്ഥൈര്യലേപനകർമ്മവും
കട്ടപ്പന സെന്റ് ജോസഫ് ദൈവാലയത്തിൽ




വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്
കുമളി ഇടവക റാലി നടത്തിയപ്പോൾ




പട്ടുമല തിരുനാൾ സമാപനത്തിൽ അഭി.സെബാസ്റ്റ്യൻ പിതാവ് സന്ദേശം നൽകുന്നു

## പാലാ ഗാഡലൂപ്പേ മാതാ സൺഡേ സ്കൂൾ പി.ടി.എ യോഗം,



ജീവജ്ജ്വാല എഡിറ്റർ ശ്രീ.ഷിബു ആന്റണി മാതാപിതാക്കൾക്ക് 'വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക് ' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. ഇടവക വികാരി ഫാ. മാത്യു ഒഴത്തിൽ അധ്യക്ഷത വഹിച്ചു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ.ജൂബി ജോർജ് സ്വാഗതമാശംസിച്ചു. പി.ടി.എ സെക്രട്ടറി, ജോയ്സ് മരിയ ജോർജ് റിപ്പോർട്ട് അവതരിപ്പിച്ചു. ഓണമത്സരങ്ങളിൽ വിജയികളായ കുട്ടികൾക്ക്,ആലുവ കാർമൽ ഗിരി പൊന്തിഫിക്കൽ സെമിനാരി അധ്യാപകൻ, ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം സമ്മാനങ്ങൾ വിതരണം ചെയ്തു. PTA കൺവീനർ, ശ്രീ ബിജു ചൂരന്നൊലിക്കുന്ന് യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

## ലീജിയൻ ഓഫ് മേരി




ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കൂരിയായുടെ സെപ്റ്റംബർ ഫങ്ഷൻ 17-09-2022-ൽ പൂവം സെന്റ് ജോസഫ് ദൈവാലായത്തിൽ വച്ച് റവ.ഫാ. തോമസ് തൈപ്പറമ്പിൽ വെരി.റവ.ഫാ, ജോർജ് ജോൺ മേരിമംഗലം, റവ.ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ, കൂരിയാ പ്രസിഡന്റ് ശ്രീമതി ലില്ലിക്കുട്ടി സെബാസ്റ്റ്യൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു. കൂരിയായിലെ അഞ്ച് പ്രസീദിയങ്ങളിലെ മരിയ സൈന്യം അംഗങ്ങൾ ചടങ്ങിൽ പങ്കെടുത്തു.

# ഛായാചിത്ര പ്രയാണം

**ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതി ഒരുക്കുന്ന ഛായാചിത്രപ്രയാണം വിജയപുരം രൂപതയിൽ ഒക്ടോബർ 16 മുതൽ 23 വരെ.**

ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാന സമിതി നടത്തുന്ന, മിഷൻലീഗ് സ്വർഗീയ മധ്യസ്ഥരുടെയും സ്ഥാപകനേതാക്കളുടെയും ഛായാചിത്ര പ്രയാണത്തിന് വിജയപുരം രൂപതയിൽ സ്വീകരണം ഒരുക്കുന്നു. ഒക്ടോബർ മാസം 16-ാം തീയതി ഞായറാഴ്ച ചങ്ങനാശേരി മേരി മൗണ്ട് ഇടവകയിൽ നിന്നും രാവിലെ 7 മണിക്ക് സ്വീകരണം ഏറ്റുവാങ്ങി, ഛായാചിത്രപ്രയാണം വാഴൂർ മൗണ്ട് കാർമൽ ഇടവകയിൽ 8 മണിക്ക് എത്തിച്ചേരുന്നു. സ്വീകരണത്തിനുശേഷം മുണ്ടക്കയം സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ 10.30ന് സ്വീകരിച്ച് തുടർന്ന് ആഘോഷമായി ടൗൺചുറ്റി പ്രയാണം നടത്തുന്നു. അന്നേദിനം ഉച്ചകഴിഞ്ഞ് 12.30ന് പൊടിമറ്റം ഇടവകയിൽ കുഞ്ഞുമിഷണറിമാർ ഛായാചിത്രത്തിന് സ്വീകരണം നൽകുന്നതാണ്. പിന്നീട് 2 മണിക്ക് എരുമേലി, ചാത്തൻതറ, വെച്ചുചിറ എന്നീ മൂന്ന് ഇടവകകളിലേയും മിഷൻലീഗ് അംഗങ്ങൾ ഒന്നിച്ച് എരുമേലി സെന്റ് ജോസഫ്സ് ഇടവകയിൽ ഛായാചിത്രത്തെ വരവേൽക്കുന്നതും സംയുക്തയോഗം ചേരുന്നതുമാണ്. മുണ്ടക്കയം സോണിന്റെ സി.എം.എൽ ഡയറക്ടറായ ബഹു. ആൽബർട്ട് കുമ്പളോലിൽ, ഫൊറോന വികാരി പെരിയ ബഹു. റ്റോം ജോസ്, ബഹു. ജോസഫ് പൂവത്തുകാട്ട്, ബഹു. ബ്രിട്ടോ വില്ലുകുളം, ബഹു. ജിസ് ആനിക്കൽ തുടങ്ങിയ വൈദികർ സ്വീകരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നതാണ്.

സി.എം.എൽന്റെ സംസ്ഥാന സമിതി പ്രസിഡന്റ് ശ്രീ. ബേബി പ്ലാച്ചേരിൽ സ്വീകരണ സ്ഥലങ്ങളിൽ മിഷൻ സന്ദേശം നൽകുന്നതാണ്.




സെന്റ് മേരീസ് തെള്ളകം പള്ളിയിൽ ഇടയസന്ദർശനത്തോടനുബന്ധിച്ച് പള്ളിയുടെ ലോഗോ പ്രകാശനം

## അദ്ധ്യാപകർക്കായി ഏകദിന ശില്പശാല നടത്തി.



മൂന്നാർ : ഇടുക്കി ചൈൽഡ്‌ലൈൻ,ജില്ലാ ലീഗൽ സർവീസ് അതോറിറ്റി, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുമായി സഹകരിച്ചു അദ്ധ്യാപകർക്കായി പോക്സോ നിയമത്തിന്റെ വിവിധ തലങ്ങളെക്കുറിച്ചു ഏകദിന ശില്പശാല വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി മൂന്നാർ റീജിയൻ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. ജില്ലാ കലക്ടർ ബഹു.ഷീബ ജോർജ് അധ്യക്ഷത വഹിച്ച ശില്പശാല ജില്ലാ ജഡ്ജി ശ്രീ. ശശികുമാർ പി. എസ് ഉദ്ഘാടനം ചെയ്തു.ജില്ലാ പോലീസ് മേധാവി ശ്രീ. വി. യു കുര്യാക്കോസ് മുഖ്യപ്രഭാഷണം നടത്തി. അഡ്വ. പ്രവീൺ അദ്ധ്യാപകർക്കായി ക്ലാസുകൾ നയിച്ചു.



അസ്സീസ്സി ഹോസ്പിറ്റലിൽ തെള്ളകം സെന്റ് മേരീസ് ഇടവകാംഗമായ ഡോ. ആഷീഷ് ചാർജെടുത്തു

# ഐക്യദാർഢ്യവുമായി കോട്ടയം നല്ലയിടയൻ ഇടവക







വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കോട്ടയം നല്ലയിടയൻ ഇടവകാംഗങ്ങൾ വികാരി ഫാ. ജോസ്‌ലിൻ പീടിയേക്കൽ ഒ.സി.ഡി. യുടെ നേതൃത്വത്തിൽ വിഴിഞ്ഞത് സമാപിച്ച ജനബോധന യാത്രയിൽ പങ്കെടുത്തു. കെ.ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ നടത്തിയ ഈ യാത്രയുടെ സമാപനത്തിൽ ഇടവകാംഗങ്ങൾ ബഹുജന റാലിയിൽ കാൽനടയായി പങ്കെടുക്കുകയും ചെയ്തു. കുടുംബകൂട്ടായ്മ സെൻട്രൽ കമ്മറ്റി ലീഡർ ജോൺ ജോസഫ്, ഇടവക സമിതി സെക്രട്ടറി വിൻസെന്റ് പി. സോണി എന്നിവർ വിഴിഞ്ഞത്തേയ്ക്കുള്ള ബസ് യാത്രയ്ക്ക് ക്രമീകരണങ്ങൾ ചെയ്തു.


ശോഭനമായ ഭാവിക്ക് ഒരു നല്ല ജോലി ഉറപ്പാക്കാൻ നിങ്ങളോടൊപ്പം കോട്ടയം സിവിൽ സർവ്വീസ് അക്കാദമി
UPSC സിവിൽ സർവ്വീസ്
PSC ഓൺലൈൻ & ഓഫ്‌ലൈൻ ബാച്ച്
ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്
ഒരു വർഷം ഡിപ്ലോമ കോഴ്സ്
ട്യൂഷൻ
ക്ലാസ് 5 മുതൽ 10 വരെ
പ്ലസ് 1 & പ്ലസ് 2
Bcom, Mcom
MBA
9778335033
KOTTAYAM CIVIL SERVICES ACADEMY
Managed by Diocese of Vijayapuram
St.Antony's Complex, Nagampadam


എന്റെ പൊന്നു പട്ടീ.... എന്നെ കടിക്കല്ലേ.....
നിന്നെ ഒന്നു തല്ലിയാൽ പോലും, ഞാൻ അകത്താകും...
അടുത്ത പ്രാവശ്യം കോട്ടയത്തിനു ഞാൻ ഹെലികോപ്റ്ററിൽ വന്നോളാം..
ആശയം - ഫാ: സേവ്യർ ചെറുനെല്ലാടി
വര - അലൻ പെരുമ്പെട്ടി

# വി.എസ്.എസ്.എസ്. വാർത്തകൾ

## ഏകദിന നേതൃപരിശീലനക്കളരി



കോട്ടയം മേഖലയിലെ ബാലവേദിയംഗങ്ങൾക്കായി അമലനിലയത്തിൽ നടന്ന നേതൃപരിശീലനക്കളരി വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ക്ലാസ് നയിച്ചു. തുടർന്ന് ടീംമെമ്പർ വിജയ് ജോൺ, സി.ഡി.ഒ. സെബാസ്റ്റ്യൻ മറ്റത്തിൽ എന്നിവർ ക്ലാസ് നയിച്ചു.കോ-ഓർഡിനേറ്റർ മാത്യു ജോസഫ്, ഷിജുഷാജി, ആശീഷ് ജോസ്, മിനി വിനോദ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. 46 കുട്ടികൾ പങ്കെടുത്തു.

## സംയുക്തയോഗം -കോട്ടയം

വിജയ് സ്വാശ്രയ സംഘങ്ങളുടെ മേഖലാതല ഘടനയായ സംയുക്തയുടെ കോട്ടയം മേഖലാ പൊതുയോഗം തെള്ളകത്ത് നടന്നു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ യോഗം ഉദ്ഘാടനം ചെയ്തു. സംയുക്ത വൈസ്പ്രസിഡന്റ് ജിനുമോൻ കെ.എം. അദ്ധ്യക്ഷനായിരുന്നു. വികാരി ഫാ. അജി ജോസഫ് ചെറുകാക്രാംഞ്ചേരിൽ ആശംസകളർപ്പിച്ചു. സംയുക്ത സെക്രട്ടറി സുജ ബാബു റിപ്പോർട്ട് അവതരിപ്പിച്ചു. വി.എസ്.എസ്.എസ്. സി.ഡി.ഒ. ടി.കെ. രാജു മേഖലാ കോ ഓർഡിനേറ്റർ മിനി വിനോദ്, കെ.എൽ.എം. രൂപതാ പ്രസിഡന്റ് കെ.ജെ, ജോസഫ്, ത്രേസ്യാമ്മ മത്തായി, പൊന്നമ്മ മാത്യു എന്നിവർ സംസാരിച്ചു.



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഓണാഘോഷപരിപാടികൾ അമലനിലയത്തിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിലിന്റെ അദ്ധ്യക്ഷതയിൽ നഗരസഭാംഗം മോളിക്കുട്ടി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. ബഹു വൈദികർ , സിസ്റ്റേഴ്സ്, യൂണിറ്റ് പ്രതിനിധികൾ, സംയോജിത ഭാരവാഹികൾ, ആനിമേറ്റേഴ്സ്, സ്റ്റാഫ് തുടങ്ങിയവർ പങ്കെടുത്തു. ഓണക്കളികളും, കലാപരിപാടികളും നടന്നു. ഉച്ചയ്ക്ക് ഓണസദ്യയോടെ അവസാനിച്ച ആഘോഷപരിപാടിയിൽ അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ നന്ദിപറഞ്ഞു.



ബാലവേദി ക്യാമ്പിൽ നിന്ന്



സംയുക്ത യോഗം വി.എസ്.എസ്.എസ്. ഡയറക്ടർ ഉദ്ഘാടനം ചെയ്യുന്നു.

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന സംവിധാനമാണ് ജനകീയ വികസന സമിതി അഥവാ പീപ്പിൾ ഡലവപ്മെന്റ് കമ്മിറ്റി. വിവിധ ഇടവകകളിൽ ഈ സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വർക്കായി ഒരു പരിശീലനപരിപാടി വി.എസ്.എസ്.എസ്. ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. തെള്ളകം, വാഴൂർ എന്നീ ഇടവകകളിൽ പരിശീലന പരിപാടികൾ നടന്നു കഴിഞ്ഞു. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, അസി. ഡയറക്ടർ ഫാ. ലിനൂസ് ബിവേര ചുള്ളി ക്കപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ക്ലാസുകൾ നയിക്കുന്നത്.

## പരിശീലനപരിപാടി



പി.ഡി.സി. അംഗങ്ങളുടെ പരിശീലനപരിപാടി
ഫാ. ജോസഫ് അജി ചെറുകാക്രാംഞ്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു.



ഷംഷാബാദ് രൂപത നിയുക്ത സഹായമെത്രാൻ മോൺ തോമസ് പാടിയത്ത്
അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവുമൊത്ത് സംഭാഷണത്തിൽ.



# അഭിവന്ദ്യ പിതാവിന്റെ
## ഒക്ടോബർ മാസ പരിപാടികൾ

| | | |
|---|---|---|
| 01 ശനി 9.00 am | - | ഇടയ സന്ദർശനവും സ്ഥൈര്യലേപനവും : മൗണ്ട് കാർമ്മൽ ദൈവാലയം, മൂന്നാർ. |
| 02 ഞായർ 9.30 am | - | ഇടയ സന്ദർശനവും സ്ഥൈര്യലേപനവും : സെന്റ് മേരീസ് ദൈവാലയം, മറയൂർ. |
| 03 തിങ്കൾ 9.30 am | - | ഇടയ സന്ദർശനവും സ്ഥൈര്യലേപനവും : ലിറ്റിൽ ഫ്ളവർ ദൈവാലയം, കാന്തലൂർ. |
| 04ചൊവ്വ 10.00 am | - | ദിവ്യബലി, സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രം, കോട്ടയം. |
| 05ബുധൻ 12.00 noon | - | കാരിസ്ഭവൻ ബൈബിൾ കൺവെൻഷൻ, അതിരമ്പുഴ. |
| 06 വ്യാഴം 11.00 am | - | സെന്റ് ജോസഫ്സ് ITI, നാഗമ്പടം, അധ്യയനവർഷ ഉദ്ഘാടനം. |
| 07 വെള്ളി | : | **PPD** |
| 08 ശനി 7.30 am | - | ദിവ്യബലി, സെന്റ് തെരേസാസ് മൗണ്ട് കോൺവെന്റ്, കോട്ടയം (മിണ്ടാമഠം) നവതി ആരംഭം. |
| 11 - 31 | - | 50-ാമത് FABC ജനറൽ കോൺഫറൻസ്, തായ്ലൻഡ്. |

**വൈദികരുടെ തുടർ പരിശീലനപരിപാടി വിമലഗിരി പാസ്റ്ററൽ സെന്ററിൽ അഭിവന്ദ്യപിതാവ് ഉദ്ഘാടനം ചെയ്യുന്നു.**











## എരുമേലി അസ്സീസി നേഴ്സിംഗ് കോളേജിൽ ബിരുദദാന ചടങ്ങ്

എരുമേലി അസ്സീസി കോളേജ് ഓഫ് നേഴ്സിംഗിലെ V & VI ബാച്ചുകളിലെ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് 19-9-2022 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2-ന് ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. അസ്സീസി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ റവ.ഫാ. ആഗ്നൽ ഡൊമിനിക് റോഡ്രിക്സ് അദ്ധ്യക്ഷത വഹിച്ചു. വിജയപുരം രൂപത ചാൻസലർ മോൺ. ജോസ് നവസ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. കോട്ടയം ഗവൺമെന്റ് നേഴ്സിംഗ് കോളേജ് അസോസിയേറ്റ് പ്രൊഫ. ഡോ. സിസി ജോസ് ബിരുദദാന ചടങ്ങ് നടത്തി. രണ്ട് ബാച്ചുകളിലായി 46 വിദ്യാർത്ഥികൾ ഗ്രാജുവേഷൻ സ്വീകരിച്ചു. അസ്സീസി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് അസോസിയേറ്റ് ഡയറക്ടർ ഫാ. ജിസ് ആനിക്കൽ, കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ബോൺസി സ്കറിയ, വൈസ് പ്രിൻസിപ്പൽ പ്രൊഫ. ബിന്ദു എബ്രഹാം, ആത്മീയ പിതാവ് ഫാ. ആൽബർട്ട് കുമ്പളോലിൽ എന്നിവർ പ്രസംഗിച്ചു.

OCTOBER 2022
Vol. 15 • Issue 10
Published on
1th October 2022

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2020-22
LIC. No. KL/CR/KTM/WPP-03/2020-22
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

# തെള്ളകം സെന്റ് മേരീസ് കത്തോലിക്കാദേവാലയത്തിൽ

**2022 സെപ്റ്റംബർ 18 (ഞായർ) മുതൽ ഒക്ടോബർ 02 (ഞായർ) വരെ**








## തിരുന്നാൾ പ്രസുദേന്തിമാർ

1. സജി മാത്യു, മംഗലത്തുകുന്നേൽ
2. സാബു ജോസ്, കണ്ണിവീട്ടിൽ
3. ലീന & ലിയ, മറിയം മാത്യു
4. സേറ
5. ഡെനിൽ ജോൺ, നെല്ലിക്കാപ്പള്ളിയിൽ
6. ജോമോൻ നെല്ലിക്കാപ്പള്ളിയിൽ
7. ആൽബിൻ ബേബി, നെല്ലിക്കാപ്പള്ളിയിൽ
8. ഡോ. മംഗളാനന്ദൻ
9. റോസ് തെരേസ എമ്മാനുവേൽ
10. ഡോ. ആഷ സി എസ്
11. കീർത്തി എം ആനന്ദ്
12. കൃപ എം ആനന്ദ്
13. ജെറോം സെബാസ്റ്റ്യൻ ജോസഫ്
14. അഞ്ചു സി. ജോസഫ്, പാറക്കാല
15. സെറ ടെസ സന്ദീപ്, വാളാച്ചിറ
16. കുഞ്ഞുമോൾ മത്തായി, വാളാച്ചിറ
17. ജേഷ്മ മനോജ്, ചാമമലയിൽ
18. ജോൺ, കോഴിമല
19. ചാക്കോ, കൂരോത്തുകുന്നേൽ
20. ബിൽഹാൻ ബിജു, ചെറ്റുമടയിൽ
21. അജി സെബാസ്റ്റ്യൻ, കുഴിക്കാട്ടിൽ
22. വത്സല അജി, കുഴിക്കാട്ടിൽ
23. റിച്ചിൻ അജി, കുഴിക്കാട്ടിൽ
24. ഗിച്ചിൻ അജി, കുഴിക്കാട്ടിൽ
25. റോസിലി, മാളോത്ത്
26. ജിമ്മി, മാളോത്ത്
27. അൽഫോൻസാ, ആഞ്ചല, മൂഴിക്കൽ
28. ലീലാമ്മ മാത്യു, ചേരുംകാലായിൽ
29. ജീവൻ & ആതിര, ചേരുംകാലായിൽ
30. ഷിബു സെബാസ്റ്റ്യൻ, കുരിശിങ്കൽ
31. കെ ജെ ജോസഫ്, മൂഴിക്കൽ
32. മിഖാ തെരേസ മാർട്ടിൻ, അഞ്ജലി, ത്രേസ്സ്യാമ്മ, തോമസ്, തകിടിയേൽ
33. ജോണി & ഫാമിലി, കൊറ്റിയാത്ത്
34. മെജോ & ഫാമിലി, കൊറ്റിയാത്ത്
35. ജ്യൂവൽ, കൊറ്റിയാത്ത്
36. എജോ & ഫാമിലി, കൊറ്റിയാത്ത്
37. സെബാസ്റ്റ്യൻ, കൊറ്റിയാത്ത്
38. ആൽഫി ബിജു, ശങ്കരാമലയിൽ
39. മേരി വർക്കി, മാളോത്ത്
40. അഗസ്റ്റിൻ, മാളോത്ത്
41. എബ്രഹാം, മാളോത്ത്
42. ഇമ്മാനുവൽ ബിജു, കരീത്ര
43. ഇസബെല്ല ബിജു, കരീത്ര
44. മെറ്റി ജോസഫ്, കരീത്ര
45. അലീഷ, മുള്ളൻകുഴിയിൽ
46. അന്നമ്മ സെബാസ്റ്റ്യൻ, കുന്നശേരിമുകളേൽ
47. ജിസ്മോൻ, മടക്കുനിൽക്കുംകാലായിൽ
48. ഷെറിമോൾ ജിസ്മോൻ, മടക്കുനിൽക്കുംകാലായിൽ
49. ഏലിയമ്മ & ലീലാമ്മ, കണ്ണംകുളം
50. നാഥാൻ നോബിൾ, തെക്കേപ്പറമ്പിൽ
51. റോസമ്മ, തൊട്ടിപ്പറമ്പിൽ
52. സി ഡി ജോൺ ചമ്പേട്ട്
53. എം പി ജോയി, മുരിങ്ങാംപ്പള്ളിയിൽ
54. ജോൺ ആന്റണി, ലില്ലി വൈറ്റ്സ്
55. ജെഷിൻ ജോയി, വെള്ളാരത്തിങ്കൽ
56. ജിതിൻ ജോയി, വെള്ളാരത്തിങ്കൽ
57. കെ ആർ വർഗീസ്, കണിശ്ശേരി
58. സാബു ഫിലിപ്പ്, കണിശ്ശേരി
59. ജോണി കുറുപ്പുംന്തറമുകളേൽ
60. ആൾഡിൻ മാത്യു ജോസഫ്, കണ്ണമാലിയിൽ
61. ജോർജ്, കൊച്ചുപ്പറമ്പിൽ
62. അനൂപ് ജോർജ്
63. ഗ്രേസി ജോസഫ്, ആര്യൻകുഴിയിൽ
64. ഡോ. കിറ്റി ജോസഫ് കുരുവിള
65. സൈമൺ എ പി, കുറുപ്പഞ്ചേരി
66. സ്റ്റാലിൻ മാത്യു, ഒതളമറ്റത്തിൽ
67. ഷേർലി ജോസി, കുന്നലക്കാട്
68. സുമ അനിൽ, വട്ടമുകളേൽ
69. കൃപ മരിയ
70. ജിത്തു ജിതിൻ, തകിടിയേൽ
71. ജോസ്, കുര്യാപ്പള്ളിയിൽ
72. ഡെയ്സി തോമസ്, പൂവത്തോലിൽ
73. ഡൊമിനിക് ഡിക്സൺ
74. റോസലിയ മരിയം ഡിക്സൺ
75. ജോൺ ഫിലിപ്പോസ്, കണിയാംകുളത്തിൽ
76. ഷൈനി ജോൺ കണിയാംകുളത്തിൽ
77. ബെനിറ്റോ & ബെനിറ്റ് വള്ളോംകുന്നേൽ
78. നവോമി നോബിൾ തെക്കേപ്പറമ്പിൽ
79. റയാൻ തോമസ് സാജൻ, ലില്ലി മേരി, സജിൻ തോമസ്, തകിടിയേൽ
80. എം ബി ബിജു, മുരിങ്ങാപ്പള്ളിയിൽ
81. സമാപനദിനം:- ഇല്ലത്തുപറമ്പിൽ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180